പേപ്പസി – ചരിത്രപരമായ വികാസം – ഒരു പഠനം

ജോസഫ് പുലിക്കുന്നേൽ

ഓശാന പ്രസിദ്ധീകരണം
പാലാ

വില 2 രൂപ

കേരള കത്തോലിക്ക സഭയിലെ ആദ്ധ്യാത്മികാദ്ധ്യക്ഷനായ പോപ്പ് ജോൺ പോൾ രണ്ടാമന്റെ ഇന്ത്യാസന്ദർശനം, മാപ്പാപ്പാസ്ഥാനത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിന് ജനങ്ങളിൽ താല്പര്യമുണ്ടായിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് ഈ ചെറുഗ്രന്ഥം ഓശാന പബ്ളിക്കേഷൻസ് പ്രസിദ്ധീകരിക്കുന്നത്.

ജോസഫ് പുലിക്കുന്നേൽ

ഓശാന നഗർ
17-1_1986

പേപ്പസി-ചരിത്രപരമായ വികാസം ഒരു പഠനം

I

ലോകത്തെമ്പാടുമുള്ള കത്തോലിക്കാസഭാവിഭാഗം തങ്ങളുടെ ആദ്ധ്യാത്മിക തലവനായിട്ടാണ് റോമിലെ മാപ്പാപ്പായെ കണക്കാക്കുന്നത്. ക്രിസ്തുവിന്റെ വികാരി എന്നും മാപ്പാപ്പായെ സംബോധന ചെയ്യാറുണ്ട്. ''The Roman Pontiff as the successor of Peter 1 is the perpetual and visible source and foundation of unity. Both of the Bishops and the whole company''(LGN. 44).

മാപ്പാപ്പായ്ക്ക് ക്രിസ്തുവിന്റെ വികാരി, പത്രോസ് അപ്പോസ്തലന്റെ പിൻഗാമി എന്നീ പദവികളോടൊപ്പം റോമിലെ മെത്രാനെന്നും പാശ്ചാത്യ പാത്രിയർക്കീസ് എന്നും ഇററലിയിലെ പ്രീമേററ് എന്നും ഇററലിയിലെ മെത്രാസനങ്ങളുടെ ആർച്ചുബിഷപ്പെന്നും വത്തിക്കാൻ സംസ്ഥാനത്തിന്റെ തലവനെന്നും ഉള്ള ഇതര പദവികളുമുണ്ട്. (Sacramentum Mundi, Karl Rahnar, Vol. 5. Page 40).

പോപ്പ് എന്ന പദത്തിനർത്ഥം പിതാവ് എന്നാണ്. ക്രിസ്തുവർഷം ആദിമശതകങ്ങളിൽ പോപ്പ് എന്ന പദവി എല്ലാ ബിഷപ്പന്മാരും സ്വീകരിച്ചിരുന്നു. പിന്നീട് പൗരസ്ത്യ ഓർത്തഡോക്സ് സഭയിലെ പുരോഹിതന്മാരും തങ്ങളുടെ പേരിനോടു ചേർത്ത് 'പോപ്പ്'' എന്ന പദം ഉപയോഗിച്ചു വന്നു. ഈ പാരമ്പര്യം പിന്നീട് പാശ്ചാത്യസഭയിലേക്കു വ്യാപിക്കുകയുണ്ടായി. ഈജിപ്റ്റിൽ അലക്സാൺട്രിയായിലെ ബിഷപ്പിനെ കുറിക്കുന്നതിന്നു മാത്രം പോപ്പ് എന്ന പദം ഉപയോഗിച്ചു വന്നു. ആറാം നൂററാണ്ടിന്റെ മധ്യകാലത്തോടുകൂടി പോപ്പ് എന്ന പദം പാശ്ചാത്യസഭയിൽ റോമിലെ മെത്രാനു മാത്രമുള്ള പദവിയായി തീർന്നു. ഗ്രിഗറി ഏഴാമൻ മാപ്പാപ്പായുടെ കാലത്ത് നിയമപരമായി ഈ പദം റോമിലെ മാപ്പാപ്പായ്ക്കു മാത്രം നീക്കിവയ്ക്കപ്പെട്ടു എന്നാണ് കത്തോലിക്കാവിശ്വാസം (Ibid).

കത്തോലിക്കാസഭയുടെ കാഴ്ചപ്പാടിൽ മാപ്പാപ്പാ ക്രിസ്തുവിന്റെ കാണപ്പെട്ട പ്രതിപുരുഷനാണ്. സഭയിൽ മാപ്പാപ്പായുടെ പ്രത്യേകമായ അനിഷേധ്യസ്ഥാനത്തിന് ആധാരമായി കത്തോലിക്കാസഭ സുവിശേഷത്തിലുള്ള യേശുവിന്റെ ചില വാക്കുകൾ ചൂണ്ടിക്കാണിക്കുന്നു.

I. അപ്പോസ്തലന്മാരുടെ ലിസ്റ്റിൽ പത്രോസ് എപ്പോഴും ഒന്നാമനായാണ് പ്രത്യക്ഷപ്പെടുന്നത്. (മത്തായി 10:2; മർക്കോ. 3:16; ലൂക്കോ. 6:14; അപ്പോ.1:13). അപ്പോസ്തലന്മാരുടെ ലിസ്റ്റ് സുവിശേഷത്തിൽ അവതരിപ്പിക്കുമ്പോഴെല്ലാം പത്രോസിന്റെ നാമം ഒന്നാമതായി കാണപ്പെടുന്നു എന്നതിനാൽ മററ് എല്ലാ അപ്പോസ്തലന്മാരിലും വച്ച് പത്രോസ് മുഖ്യനായിരുന്നു എന്ന് കത്തോലിക്കാ പണ്ഡിതന്മാർ വാദിക്കുന്നു.

II. സഭയിൽ പത്രോസിന് പ്രാമാണികത്വം ഉണ്ട് എന്നുള്ള വാദത്തിന് ഏറ്റം ശക്തമായ പിന്തുണ നല്കുന്നത് പത്രോസിനോട് ക്രിസ്തു പറഞ്ഞ ഈ വാക്കുകളാണ്:

''കെസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ യേശു ശിഷ്യന്മാരോട് ചോദിച്ചു: മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു: സ്നാപകയോഹന്നാൻ എന്നു ചിലർ പറയുന്നു. ഏലിയാ എന്നു മറ്റു ചിലർ പറയുന്നു. യിരെമ്യായോ പ്രവാചകരിൽ ഒരുവനോ ആണെന്നു വേറെ ചിലർ പറയുന്നു. അവൻ അവരോട് ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു: നീ ക്രിസ്തുവാകുന്നു; ജീവനുള്ള ദൈവത്തിന്റെ പുത്രൻ. യേശു മറുപടി പറഞ്ഞു: യോനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാൻ. മനുഷ്യനല്ല ഇതു നിനക്കു വെളിപ്പെടുത്തിത്തന്നത്; എന്റെ സ്വർഗസ്ഥനായ പിതാവാണ്. ഞാൻ നിന്നോട് പറയുന്നു: നീ പത്രോസ് ആകുന്നു. ഈ പാറയിൽ എന്റെ സഭ ഞാൻ കെട്ടിപ്പടുക്കും. മരണത്തിന്റെ ശക്തികൾ അതിന്നെതിരെ വിജയിക്കയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ. 16:13-19).

യേശു ഈ പ്രസ്താവനയിലൂടെ പത്രോസിനെ സഭയുടെ മൂലക്കല്ലായി ഉയർത്തി എന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. സഭ പണിയപ്പെട്ടിരിക്കുന്നത് പത്രോസ് എന്ന പാറമേലാണെന്നും അതിന്നെതിരായി മരണത്തിന്റെ ശക്തികൾ അല്ലെങ്കിൽ പാതാളവാതിലുകൾ ശക്തിപ്പെടുകയില്ല എന്നും കത്തോലിക്കർ വിശ്വസിച്ചു വരുന്നു. സ്വർഗ്ഗത്തിന്റെ താക്കോലുകൾ പത്രോസിനു നല്കി കെട്ടുവാനും അഴിക്കുവാനും ഉള്ള അധികാരം പത്രോസിനു കൊടുത്തതോടെ സഭാതത്വങ്ങളെ വിശദീകരിക്കാനുള്ള അവകാശം പത്രോസിനു ലഭ്യമായി.

III. സഭയെ പാലിക്കുന്നതിന് പത്രോസിനെ പ്രത്യേകമായി ഏല്പിച്ചു എന്നതിന് അടിസ്ഥാനമായി സുവിശേഷത്തിലെ താഴെപ്പറയുന്ന ഭാഗം ചൂണ്ടിക്കാണിക്കപ്പെടുന്നു. ''അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ, ശിമയോൻപത്രോസിനോട് യേശു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, ഇവർ എല്ലാവരെയുംകാൾ അധികം നീ എന്നെ സ്നേഹിക്കുന്നുവോ? അയാൾ പറഞ്ഞു: ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നിനക്ക് അറിയാമല്ലോ. അവൻ അയാളോട് പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയ്ക്കുക. രണ്ടാമതും അവൻ അയാളോട് ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? അയാൾ അവനോട് പറഞ്ഞു: ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നിനക്ക് അറിയാമല്ലോ. അവൻ അയാളോട് പറഞ്ഞു: എന്റെ ആടുകളെ മേയ്ക്കുക. അവൻ മൂന്നാമതും അയാളോട് ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു മൂന്നാം തവണയും അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിച്ചു. അയാൾ അവനോട് പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നിനക്ക് അറിയാം. യേശു അയാളോട് പറഞ്ഞു: എന്റെ ആടുകളെ മേയ്ക്കുക......പിന്നീട് അവൻ അയാളോട് പറഞ്ഞു: എന്നെ അനുഗമിക്കുക''(യോഹ. 21: 15—19). ഈ വാക്കുകളിലൂടെ യേശു വിശ്വാസികളെ പാലിക്കാനും പരിരക്ഷിക്കാനും ഉള്ള അധികാരവും കടമയും

പത്രോസിന് നല്കി എന്നാണ് കത്തോലിക്കാപണ്ഡിതരുടെ ശക്തമായ വാദം. ''എന്റെ ആടുകളെ മേയ്ക്കുക'' എന്ന വാക്കുകളിലൂടെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷം മറ്റ് അപ്പോസ്തലന്മാരെയും വിശ്വാസികളേയും പത്രോസിന്റെ പരിപാലനത്തിനായി യേശു ഏല്പിച്ചു കൊടുത്തു എന്നു കരുതപ്പെടുന്നു.

IV. പത്രോസിന്റെ പരമാധികാരത്തെ സ്ഥാപിക്കുന്നതിനുവേണ്ടി ഉദ്ധരിക്കപ്പെടുന്ന മറ്റൊരു സുവിശേഷഭാഗം താഴെ കൊടുക്കുന്നു: ''ശിമയോനേ, ശിമയോനേ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പേറ്റിക്കൊഴിക്കാൻ അനുവാദം വാങ്ങിയിരിക്കുന്നു. എന്നാൽ, നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർഥിച്ചു. നീ പിന്തിരിഞ്ഞു വരുമ്പോൾ നിന്റെ സഹോദരരെയും ശക്തിപ്പെടുത്തുക'' (ലൂക്കാ. 22: 31—32). ഇവിടെ യേശു പത്രോസിനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും വിശ്വാസത്തിൽനിന്നു വീണുപോകാനിടയുള്ള തന്റെ സഹോദരരായ അപ്പോസ്തലന്മാരെ ശക്തിപ്പെടുത്തുന്നതിനായി കല്പിക്കുകയും ചെയ്തിരിക്കുന്നു. തന്മൂലം സഭയെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേകാനുഗ്രഹം പത്രോസിന് യേശുവിന്റെ പ്രാർത്ഥനയിലൂടെ ലഭിച്ചു.

V. പെന്തക്കുസ്താനാളിൽ പരിശുദ്ധാത്മ പ്രചോദിതനായി സുവിശേഷം പ്രസംഗിക്കുന്നത് പത്രോസാണ്: ''എന്നാൽ, പത്രോസ് മറ്റു പതിനൊന്നുപേരോടൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ അവരെ അഭിസംബോധന ചെയ്തു: യഹൂദജനങ്ങളേ, സർവ ജെറുശലേം നിവാസികളേ, നിങ്ങൾ ഇതു മനസ്സിലാക്കിയാലും; എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടാലും''(അപ്പോ. 2:14). ഈ സംഭവത്തിൽ നിന്നും സഭയിലെ ആദ്യത്തെ പ്രബോധകൻ എന്ന നിലയിൽ യേശു പരിശുദ്ധാത്മാവിലൂടെ പത്രോസിൽ പ്രവർത്തിച്ചു എന്ന് കരുതപ്പെടുന്നു.

ഇങ്ങനെ യേശുവിന്റെ ശിഷ്യപ്രമുഖനായ പത്രോസിനെ യുഗാന്ത്യംവരെ സഭയുടെ പരിപാലകനായി യേശു നിയമിച്ചു എന്നും സഭയുടെ ഈ പരിപാലനാവകാശം അല്ലെങ്കിൽ കടമ പത്രോസിലും പത്രോസിന്റെ പിൻഗാമിയായ റോമൻ മാർപ്പാപ്പായിലും നിക്ഷിപ്തമായിരിക്കുന്നു എന്നുമാണ് കത്തോലിക്കാവിശ്വാസം. അങ്ങനെ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പാ സഭയുടെ ദൃശ്യതലവനും പ്രബോധകനും പരിപാലകനും ആണെന്നും കത്തോലിക്കാസഭ വിശ്വസിക്കുന്നു. സഭാപ്രബോധകൻ എന്ന നിലയിൽ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിക്കുന്ന കാര്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ മാർപ്പാപ്പായ്ക്ക് അപ്രമാദിത്തവരം—തെറ്റു വരാൻ പാടില്ലായ്മ—ഉണ്ട് എന്നത് കത്തോലിക്കാസഭയിലെ അടിസ്ഥാന വിശ്വാസത്തിൽ ഒന്നാണ്. കത്തോലിക്കാസഭയിലെ അടിസ്ഥാനനിയമമായ 'കാനോൻ നിയമത്തിൽ' മാർപ്പാപ്പായുടെ അധികാരത്തെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു;

"The office uniquely committed by the Lord to Peter, the first of the Apostles, and to be transmitted to his successors, abides in the Bishop of the Church of Rome. He is the head of the College of Bishops, the Vicar of Christ, and the Pastor of the Universal Church here on earth. Consequently, by virtue of his office, he has supreme, full, immediate and universal ordinary power in the Church, and he can always freely exercise this power.

The Roman Pontiff acquires full and supreme power in the Church when, together with episcopal consecration, he has been

lawfully elected and has accepted the election. Accordingly, if he already has the episcopal character, he receives this power from the moment he accepts election to the supreme pontificate. If he does not have the episcopal character, he is immediately to be ordained Bishop.

Should it happen that the Roman Pontiff resigns from his office, it is required for validity that the resignation be freely made and properly manifested, but it is not necessary that it be accepted by anyone.

By virtue of his office, the Roman Pontiff not only has power over the universal Church, but also has pre-eminent ordinary power over all particular Churches and their groupings. This reinforces and defends the proper, ordinary and immediate power which the Bishops have in the particular Churches entrusted to their care.

The Roman Pontiff, in fulfilling his office as supreme Pastor of the Church, is always joined in full communion with the other Bishops, and indeed with the whole Church. He has the right, however, to determine, according to the needs of the Church, whether this office is to be exercised in a personal or in a collegial manner.

There is neither appeal nor recourse against a judgement or a decree of the Roman Pontiff.

The Bishops are available to the Roman Pontiff in the exercise of his office, to cooperate with him in various ways, among which is the synod of Bishops. Cardinals also assist him, as do other persons and institutes fulfil their offices in his name and by his authority, for the good of all the Churches, in accordance with the norms determined by law." (The Code of Canon Law. Page 57-58)

മാർപ്പാപ്പായുടെ തീരുമാനത്തിന് എതിരെ യാതൊരു അപ്പീലും നിലനില്ക്കുന്നതല്ല. കർദ്ദിനാളന്മാരും മെത്രാന്മാരും മറ്റെല്ലാ സഭാസംവിധാനങ്ങളും മാർപ്പാപ്പായുടെ സഭാപ്രബോധന—പരിപാലന കടമകളിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു മാത്രമുള്ളവയാണ്. ലോകമെമ്പാടുമുള്ള കത്തോലിക്കാ മെത്രന്മാരെ നിയമിക്കുന്നതു് മാർപ്പാപ്പായാണ്. മാർപ്പാപ്പാ ആയി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി മെത്രാനായിരിക്കണമെന്ന് നിർബ്ബന്ധമില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ബിഷപ്പായി സ്ഥാനാഭിഷേകം ചെയ്യപ്പെടും.

ഇതരസഭകൾ

കത്തോലിക്കാസഭയൊഴിച്ചുള്ള മറ്റു ക്രൈസ്തവസഭകളും സമൂഹങ്ങളും മാർപ്പാപ്പായുടെ മുൻപറഞ്ഞ ഉന്നതസ്ഥാനങ്ങൾ അംഗീകരിക്കുന്നില്ല. ഇതിന്നു് അവർ ഉന്നയിക്കുന്ന വാദങ്ങൾ താഴെ കൊടുക്കുന്നു.

യേശുവിന്റെ അപ്പോസ്തലന്മാരിൽ പത്രോസിനുണ്ടായിരുന്ന പ്രാമുഖ്യത്തെ അവർ അംഗീകരിക്കുന്നു. എന്നാൽ സഭ പത്രോസിലാണ് സ്ഥാപിതമായിരിക്കുന്നതു് എന്ന വാദം അവർ നിരാകരിക്കുന്നു. പത്രോസ് എന്ന പാറമേലാണ് സഭ പണിതതു് എന്ന വാദം നിരാകരിക്കുന്നതിനായി അവർ

താഴെ പറയുന്ന സുവിശേഷഭാഗങ്ങൾ എടുത്തു് ഉദ്ധരിക്കുന്നു. പൗലോസ് സഭയുടെ അസ്തിവാരത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ''ദൈവം എനിക്കു നല്കിയ കൃപയനുസരിച്ച സമർത്ഥനായ മുഖ്യശില്പിയെപ്പോലെ ഞാൻ അസ്തിവാരമിട്ടു; മറ്റൊരാൾ അതിന്മേൽ പണിതുയർത്തുന്നു. തങ്ങൾ എങ്ങനെയാണു പണിതുയർത്തുന്നതു് എന്ന് ഓരോരുത്തരും ശ്രദ്ധിക്കട്ടെ. ഇപ്പോൾ ഇട്ടിരിക്കുന്ന അസ്തിവാരം, അതായതു് യേശുക്രിസ്തു, അല്ലാതെ മറ്റൊരു അസ്തിവാരവും ഇടാൻ ആർക്കും സാധ്യമല്ല. ഈ അസ്തിവാരത്തിൽ സ്വർണം, വെള്ളി, വിലപിടിച്ച രത്നങ്ങൾ, തടി, കമ്പി, പുല്ല് തുടങ്ങിയവ ഉപയോഗിച്ച് ആരെങ്കിലും പണിതാൽ, ഓരോ മനുഷ്യന്റെയും പണി വെളിവാകും; ന്യായവിധി ദിവസം അതു വെളിപ്പെടും; അഗ്നിയാൽ അതു വെളിവാക്കപ്പെടും; ഓരോരുത്തരും ചെയ്ത പ്രവൃത്തിയുടെ സ്വഭാവം അഗ്നി പരീക്ഷിക്കും.'' (1 കോറി.3:10-13).

''മനുഷ്യൻ ഉപേക്ഷിച്ചതെങ്കിലും ദൈവദൃഷ്ടിയിൽ തെരഞ്ഞെടുക്കപ്പെട്ടതും അമൂല്യവുമായ സജീവശിലയായ അവന്റെ അടുക്കലേക്കു വന്നാലും! ജീവനുള്ള കല്ലുകൾപോലെ നിങ്ങൾ സ്വയം ഒരു ആധ്യാത്മികഭവനമായി പണിയപ്പെടുക; അങ്ങനെ യേശുക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മീയ ബലികൾ അർപ്പിക്കാൻ ഒരു വിശുദ്ധ പുരോഹിതജനമായിത്തീരുക. കാരണം, വിശുദ്ധലിഖിതത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നല്ലോ: 'കണ്ടാലും, സീയോനിൽ ഞാനൊരു ശില സ്ഥാപിക്കുന്നു! തെരഞ്ഞെടുക്കപ്പെട്ടതും അമൂല്യവുമായ മൂലക്കല്ല്! അവനിൽ വിശ്വസിക്കുന്നവൻ ഒരിക്കലും ലജ്ജിതനാകയില്ല'. വിശ്വസിക്കുന്ന നിങ്ങൾക്കു് അവൻ വിലയേറിയവനാണ്. വിശ്വസിക്കാത്തവർക്കോ, 'ശില്പികൾ തള്ളിക്കളഞ്ഞ കല്ല്, മൂലക്കല്ലായിത്തീർന്നു;' 'അവരെ ഇടറിവീഴുന്ന ഒരു കല്ല്, അവരെ നിലം പതിപ്പിക്കുന്ന പാറ! വചനം അനുസരിക്കായ്കകൊണ്ടു് അവർ ഇടറുന്നു; അവർ അതിന്നു നിശ്ചയിക്കപ്പെട്ടവരാണ്'' (1പത്രോ. 2:4-8).

''അപ്പോസ്തലന്മാരും പ്രവാചകരുമാകുന്ന അസ്തിവാരത്തിന്മേൽ കെട്ടിപ്പടുക്കപ്പെട്ടവരാണു നിങ്ങൾ; ക്രിസ്തുയേശു തന്നെയാണ് മൂലക്കല്ല്. അവനിൽ സൗധം മുഴുവൻ കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു; അതു കർത്താവിൽ ഒരു വിശുദ്ധദേവാലയമായി വളരുന്നു. അതിലേക്കു്, ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായിരിക്കാൻ, നിങ്ങളും അവനിൽ പണിതു ചേർക്കപ്പെടുന്നു''(എഫേ: 2:20-22). ''നഗരമതിലിനു പന്ത്രണ്ടു് അസ്തിവാരങ്ങൾ ഉണ്ടായിരുന്നു; അവയിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു് അപ്പോസ്തലന്മാരുടെ പേരുകളും''(വെളി: 21:14).

സുവിശേഷത്തിലെ മുൻഉദ്ധരിച്ച വാക്കുകളെ മുൻനിർത്തി സഭയുടെ അടിക്കല്ല് അല്ലെങ്കിൽ അസ്തിവാരം യേശു തന്നെയാണ്. വേറൊരു അടിക്കല്ല് സഭയ്ക്കുണ്ടാകുക സുവിശേഷ വിരുദ്ധമാണെന്നും അവർ കരുതുന്നു. മത്തായിയുടെ സുവിശേഷം, 16:16 ലെ വാചകങ്ങളെ വേറൊരു വിധത്തിലാണ് ഇവർ വ്യാഖ്യാനിക്കുന്നതു്. ശിമയോൻ പത്രോസ് പറഞ്ഞു: 'നീ ക്രിസ്തുവാകുന്നു; ജീവനുള്ള ദൈവത്തിന്റെ പുത്രൻ'. ഈ പ്രഖ്യാപനം നിത്യമായ ഒരു സത്യമാകയാൽ ആ സത്യമാകുന്ന പാറയിൽ തന്റെ പള്ളി പണിയും എന്നാണ് യേശു പ്രഖ്യാപിച്ചതു്. മറ്റു ശിഷ്യന്മാരെല്ലാം നിത്യമായ ഈ വിശ്വാസത്തെ, ക്രിസ്തു ദൈവപുത്രനാണ് എന്ന വിശ്വാസത്തെ, പരസ്യമായി പ്രഖ്യാപിക്കാൻ മടിച്ചു നിന്നപ്പോൾ പത്രോസ് ഈ വിശ്വാസം ഏറ്റു പറയുകയാൽ

ആ വിശ്വാസത്തെ 'പാറ'യാണ് എന്നു പ്രഖ്യാപിക്കുക മാത്രമാണ് യേശു ചെയ്തതു് എന്നു് അവർ വാദിക്കുന്നു. പത്രോസ് എന്ന വ്യക്തിയെ ഉദ്ദേശിച്ചല്ല. പത്രോസ് പ്രഖ്യാപിച്ച വിശ്വാസസത്യത്തെയാണ് പാറയായി അവർ കണക്കാക്കുന്നതു്. ഇതിനു ഉപോത്ബലകമായി അവർ ഉദ്ധരിക്കുന്ന മറ്റൊരു വാദം പത്രോസിനോട് യേശു പറഞ്ഞ ഈ വാക്കുകളാണ്: ''സാത്താനേ, എന്റെ പിന്നിലേക്കു പോകു. നീ എന്റെ വഴിയിൽ ഒരു തടസ്സമാണ്. കാരണം, നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്'' (മത്താ: 16:23). ''നീ ക്രിസ്തുവാകുന്നു, ജീവനുള്ള ദൈവത്തിന്റെ പുത്രൻ'' എന്നു പത്രോസ് പറഞ്ഞപ്പോൾ 'യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ, മനുഷ്യനല്ല ഇതു നിനക്ക് വെളിപ്പെടുത്തിത്തന്നതു്; എന്റെ സ്വർഗസ്ഥനായ പിതാവാണ്''(മത്താ. 16:17) എന്നു പറഞ്ഞ യേശു തന്നെ പത്രോസിനെ ''സാത്താൻ'' എന്നു് അഭിസംബോധന ചെയ്യുന്നുണ്ട്. അപ്പോൾ പത്രോസ് ദൈവികവും മാനുഷികവുമായ രണ്ടു ചിന്തകളുടെ സ്വാധീനത്തിന് അടിമയായിരുന്നു. ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്നു പ്രഖ്യാപിച്ചപ്പോൾ അതു് ദൈവികമായ വെളിപാടിന്റെ പ്രചോദനത്തിലായിരുന്നു. എന്നാൽ യേശുവിന്റെ രക്ഷാകരബലിയെ എതിർത്തു നിന്നപ്പോൾ യേശു പത്രോസിനെ ''സാത്താനെ'' എന്നു് അഭിസംബോധന ചെയ്യുന്നു. പത്രോസ് സാത്താനല്ലാത്തതുപോലെ, സഭയുടെ അടിത്തറയുമല്ല, മാനുഷികവും ദൈവികവുമായ ചിന്തയ്ക്കു മധ്യേ പത്രോസ് ഊഞ്ഞാലാടുകയാണ്. ദൈവികമായ ചിന്തകളെ അഭിനന്ദിക്കുകയും മാനുഷികമായ ചിന്തകളെ അപലപിക്കുകയും ആണ് യേശു ചെയ്തതു്. 'സാത്താനെ' എന്നു് യേശു വിളിച്ച പത്രോസിനെ സഭയുടെ മൂലക്കല്ലാക്കും എന്നു വിശ്വസിക്കുക സാദ്ധ്യമല്ല എന്നു് അവർ വാദിക്കുന്നു.

യോഹന്നാൻ 21:15-19 വരെയുള്ള ഭാഗങ്ങളിൽ, ആടുകളെ മേയിക്കുക എന്ന യേശുവിന്റെ വാക്കുകൾ ഇങ്ങനെ അവർ വ്യാഖ്യാനിക്കുന്നു.

പത്രോസ് മൂന്നു പ്രാവശ്യം യേശുവിനെ ഉപേക്ഷിക്കുകയുണ്ടായി. ഈ സംഭവത്തെ ഓർമ്മിപ്പിക്കുന്നതിനു വേണ്ടിയിട്ടാണ് 'എന്നെ സ്നേഹിക്കുന്നുവോ' എന്നു് യേശു മൂന്നു പ്രാവശ്യം പത്രോസിനോട് ചോദിക്കുന്നതു്. ''ഇവിടെ എന്റെ ആടുകളെ മേയ്ക്കുക'' എന്നതിനർത്ഥം പത്രോസിന് അധികാരം കൊടുത്തു എന്നല്ല. നേരെ മറിച്ച് പത്രോസ് തന്റെ ജീവിതകാലത്തു് യേശുവിനെപ്പോലെ, വിശ്വാസികൾക്കു വേണ്ടി തന്റെ ജീവൻ സമർപ്പിക്കണം എന്നതാണ്. ഇടയൻ എന്ന പദം അധികാരസൂചകമായിട്ടല്ല ക്രിസ്തു ഉപയോഗിക്കുന്നതു്. ''നല്ല ഇടയൻ ഞാനാകുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ത്യജിക്കുന്നു'' (യോഹ: 10: 11). താൻ ശിഷ്യരെ വിട്ട് സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്യുകയാണെന്നും തന്റെ ആട്ടിൻകൂട്ടത്തെ താൻ ജീവാർപ്പണം ചെയ്തു സേവിച്ചതുപോലെ പത്രോസും സേവിക്കണം എന്നു മാത്രമാണ് യേശു ഇവിടെ പത്രോസിനോട് പറയുന്നതു്.

യേശു പത്രോസിനോട് തന്റെ ആടുകളെ മേയ്ക്കുക എന്നു പറഞ്ഞതിന്റെ പശ്ചാത്തലം അവർ ഇങ്ങനെയാണ് വിവരിക്കുന്നതു്. യേശു തന്റെ പ്രതാപപൂർണ്ണമായ ഉയർപ്പിനുശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് പ്രാതൽ ഒരുക്കിക്കൊടുത്തതിനു ശേഷമാണ് 'തന്റെ ആടുകളെ മേയ്ക്കുക' എന്നു് പത്രോസിനോടു പറയുന്നതു്. തന്റെ ശിഷ്യന്മാരെ താൻ എങ്ങനെ ശുശ്രൂഷിച്ചുവോ അതുപോലെ ശുശ്രൂഷിക്കണം എന്ന ഉപദേശം മാത്രമാണ് ഇവിടെ പത്രോസിനു നല്കുന്നതു്.

ശിഷ്യന്മാരുടെമേൽ ഭൗതികമായ അധികാരം നൽകുകയല്ല പ്രത്യുത, അവരെ സേവിക്കുന്നതിനുള്ള കടമയാണ് ഈ വാക്കുകളിലൂടെ പത്രോസിൽ നിക്ഷിപ്തമാക്കിയതു്.

''ശിമയോനേ, ശിമയോനേ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പേററിക്കൊഴിക്കാൻ അനുവാദം വാങ്ങിയിരിക്കുന്നു. എന്നാൽ, നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർഥിച്ചു. നീ പിന്തിരിഞ്ഞു വരുമ്പോൾ നിന്റെ സഹോദരരെയും ശക്തിപ്പെടുത്തുക'' എന്നുള്ള ലൂക്കോസ് 22: 31—32ലെ വാക്കുകൾ അതിന്റെ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്താണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു് എന്നതാണ് ഇതരസഭയിലെ വേദശാസ്ത്രജ്ഞന്മാരുടെ വാദം. പത്രോസിനോട് ഈ വാക്കുകൾ അരുൾചെയ്യുന്നതിനു തൊട്ടുമുമ്പ് യേശു ഇങ്ങനെ പറയുന്നു: ''എനിക്കുണ്ടായ പരീക്ഷകളിൽ എന്നോടൊത്തു നിന്നവർ നിങ്ങളാണ്. എന്റെ പിതാവ് എനിക്കു നല്കിയതുപോലുള്ള ഒരു രാജ്യം ഞാൻ നിങ്ങൾക്കും നല്കുന്നു. അങ്ങനെ നിങ്ങൾ എന്റെ രാജ്യത്തു് എന്റെ മേശയിൽനിന്നു ഭക്ഷിക്കയും പാനം ചെയ്കയും ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയും വിധിച്ചുകൊണ്ടു സിംഹാസനത്തിൽ ഇരിക്കയും ചെയ്യും''(ലൂക്കോ. 22: 28-30). ഇവിടെ പത്രോസിന്റെ സിംഹാസനത്തെക്കുറിച്ചല്ല പറയുന്നതു്. പന്ത്രണ്ടു സിംഹാസനങ്ങൾ സ്വർഗ്ഗത്തിലുണ്ട് എന്നാണ് യേശു പറയുന്നതു്. ആ സിംഹാസനങ്ങളിൽ പത്രോസിന്റെ സിംഹാസനത്തിന് പ്രാമുഖ്യം നല്കുന്നില്ല; എല്ലാം തുല്യമാണ്. പ്രായംകൊണ്ടും സ്ഥാനം കൊണ്ടും പ്രമുഖനായിരുന്ന പത്രോസ് തന്റെ പീഡാനുഭവത്തിന്റെ അവസരത്തിൽ തന്നെ ഉപേക്ഷിക്കുമെന്നും അതിൽ മനസ്താപപ്പെട്ട് പിന്തിരിഞ്ഞു വരുമ്പോൾ തന്റെ കാരുണ്യമേറിയ ക്ഷമയുടെ അടയാളമായി തന്റെ ഇതര ശിഷ്യന്മാർക്കു് മാതൃകയും ശക്തിയുമായി പ്രവർത്തിക്കണം എന്നും യേശു ഇവിടെ ഉപദേശിക്കുക മാത്രമാണ് ചെയ്യുന്നതു്. പരസ്പരം ശക്തിപ്പെടുത്തുന്നതിന് ശിഷ്യന്മാർക്കുള്ള ആഹ്വാനമാണ് ഇതിൽ കാണേണ്ടതു്.

പെന്തക്കുസ്താനാളിൽ പത്രോസിൽ മാത്രമല്ല പരിശുദ്ധാത്മാവ് നിവസിച്ചതു്. ''പെന്തക്കുസ്താദിനമായി. അന്നു്, അവരെല്ലാവരും ഒരിടത്തു് ഒരുമിച്ചുകൂടിയിരിക്കയായിരുന്നു. പെട്ടെന്നു് കൊടുങ്കാററ് അടിക്കുംപോലെയുള്ള ഒരു മുഴക്കം ആകാശത്തുനിന്നു് ഉണ്ടായി. അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ അതു നിറഞ്ഞു. തീനാളങ്ങൾ പോലുള്ള നാവുകൾ അവിടെ അവർക്കു പ്രത്യക്ഷപ്പെട്ടു; അവ വേർപിരിഞ്ഞു് അവർ ഓരോരുത്തരുടെയുംമേൽ ആവസിച്ചു. അവർ ഏവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവ് ഭാഷണവരം നല്കിയതനുസരിച്ച് അവർ അന്യഭാഷകൾ സംസാരിക്കാൻ തുടങ്ങി'' (അപ്പോ. 2:1-4). അവർ ഏവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി എന്നും അവർ അന്യഭാഷകൾ സംസാരിക്കാൻ തുടങ്ങി എന്നും പറഞ്ഞതിൽനിന്ന് എല്ലാ അപ്പോസ്തലന്മാർക്കും തുല്യമായ പരിശുദ്ധാത്മാവരം ലഭിച്ചു എന്നു കാണാം. അവർ എല്ലാവരും സുവിശേഷം പ്രസംഗിച്ചു: ''പുതുവീഞ്ഞു കുടിച്ച് ഇവർക്കു ലഹരി പിടിച്ചിരിക്കയാണ്'' (അപ്പോ. 2:13) എന്ന കേൾവിക്കാരുടെ പ്രതികരണം പെന്തക്കുസ്താനാളിൽ എല്ലാ അപ്പോസ്തലന്മാരും സുവിശേഷം പ്രസംഗിച്ചു എന്നതിന് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ''എന്നാൽ, പത്രോസ് മററു പതിനൊന്നുപേരോടൊപ്പം എഴുന്നേററുനിന്നു് ഉച്ചസ്വരത്തിൽ അവരെ അഭിസംബോധന ചെയ്തു'' (അപ്പോ. 2:14). ഇവിടെയും പത്രോസിന് പ്രത്യേക പ്രാമാണ്യം ഒന്നും നല്കിയിട്ടില്ല. അപ്പോൾ പത്രോസിനു മാത്രമാണ് പരിശുദ്ധാത്മവരം ലഭിച്ചതു് എന്ന വാദം നിലനില്ക്കത്തക്കതല്ല.

കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം പത്രോസിനു മാത്രമല്ല എല്ലാ അപ്പോസ്തലന്മാർക്കും തുല്യമായാണ് നല്കിയിരുന്നത്. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ. 18:18). എല്ലാ അപ്പോസ്തലന്മാർക്കും വിശ്വാസികൾക്കും ഈ അധികാരം നൽകിയിട്ടുണ്ട്. പത്രോസിനു മാത്രമായി നല്കി എന്നു പറയുന്നതു് ശരിയല്ല. ''നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ, അവ ക്ഷമിക്കപ്പെടും. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ നിലനിർത്തിയാൽ, അവ നിലനിർത്തപ്പെടും''(യോഹ.20:23). ഇവിടെയും ഈ അധികാരം 'നിങ്ങൾ' എന്ന പദം കൊണ്ടു് വിശ്വാസികൾ എല്ലാവർക്കും യേശു നല്കുന്നു.

സഭയുടെ മേൽ പത്രോസിന് അധികാരം നല്കി എന്നതിന് ആധാരമായി ചൂണ്ടിക്കാണിക്കുന്ന സുവിശേഷഭാഗങ്ങളുടെ അർത്ഥവ്യാഖ്യാനത്തെ കത്തോലിക്കേതര സഭകൾ എതിർത്ത് അവരുടെ നിലപാട് ഉറപ്പിക്കുകയാണ്. ഇതിനുപുറമേ മററു സുവിശേഷഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് സഭയിൽ പത്രോസിന് പ്രത്യേകമായ സ്ഥാനം നല്കിയിട്ടില്ല എന്ന് അവർ വാദിക്കുന്നു:

1. ശിഷ്യന്മാർ തങ്ങളിൽ പ്രമുഖൻ ആരാണ് എന്ന തർക്കമുണ്ടായപ്പോൾ ആ തർക്കത്തിന് ഉത്തരമായി യേശു, പത്രോസാണ് പ്രമുഖൻ എന്ന് പറയുന്നില്ല. ''തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അവൻ അവരോടു പറഞ്ഞു: വിജാതീയരുടെ രാജാക്കന്മാർ അവരുടെ മേൽ ആധിപത്യം ചെലുത്തുന്നു; അവരുടെമേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു വിളിക്കയും ചെയ്യുന്നു. നിങ്ങളോ അങ്ങനെയല്ല. നിങ്ങളിൽ ഏററം വലിയവൻ ഏററം ചെറിയവനെപ്പോലെയും നായകൻ സേവകനെപ്പോലെയും ആയിരിക്കണം. ആരാണു വലിയവൻ—ഭക്ഷണത്തിന്നിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ ? ഭക്ഷണത്തിന്നിരിക്കുന്നവൻ അല്ലേ? എന്നാൽ ഞാൻ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെയാണ്. എനിക്കുണ്ടായ പരീക്ഷകളിൽ എന്നോടൊത്തു നിന്നവർ നിങ്ങളാണ്. എൻെറ പിതാവ് എനിക്കു നല്കിയതുപോലുള്ള ഒരു രാജ്യം ഞാൻ നിങ്ങൾക്കും നല്കുന്നു. അങ്ങനെ നിങ്ങൾ എൻെറ രാജ്യത്ത് എൻെറ മേശയിൽനിന്നു ഭക്ഷിക്കയും പാനം ചെയ്കയും ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെയും വിധിച്ചുകൊണ്ടു സിംഹാസനത്തിൽ ഇരിക്കയും ചെയ്യും''(ലൂക്കോ. 22: 24–30). ആരാണു വലിയവൻ എന്ന ചോദ്യം മററു സന്ദർഭങ്ങളിലും ഉയന്നു വന്നിട്ടുണ്ട്. ''എന്നാൽ യേശു അവരെ അടുത്തുവിളിച്ചു പറഞ്ഞു: വിജാതീയരുടെ മേൽ അവരുടെ ഭരണാധിപർ യജമാനത്വം പുലർത്തുന്നു എന്നും പ്രമാണിമാർ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾക്ക് അറിയാമല്ലോ. ഇതു നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. നിങ്ങളിൽ വലിയവൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ഭൃത്യനാകണം; നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ അടിമയാകണം; മനുഷ്യപുത്രനെപ്പോലെ'' (മത്താ. 20: 25—27). ''വിജാതീയരുടെമേൽ അവരുടെ ഭരണാധികാരികളെന്നു വച്ചിട്ടുള്ളവർ യജമാനത്വം പുലർത്തുന്നു എന്നും അവരുടെ പ്രമാണിമാർ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾക്ക് അറിയാമല്ലോ. എന്നാൽ, ഇതു നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ഭൃത്യനാകണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും അടിമയാകണം. കാരണം, മനുഷ്യപുത്രൻപോലും വന്നിരിക്കുന്നതു സേവിക്കപ്പെടാനല്ല, സേവിക്കാനാണ്;

അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പുവിലയായി നല്കാനാണ്''(മർക്കോ. 10:42—45). തൻെറ മരണശേഷം സഭയെ ഭരിക്കാനുള്ള അവകാശം ആർക്കാണ് എന്ന് വ്യക്തമായി പറയാനുള്ള അവസരമായിരുന്നു ഇതു്. എന്നാൽ പത്രോസിനെക്കുറിച്ച് ഒരു സൂചനപോലും ഈ അവസരങ്ങളിൽ ക്രിസ്തു നല്കുന്നില്ല. അപ്പോസ്തല പ്രവൃത്തികളിലോ ലേഖനങ്ങളിലോ, ഒരിടത്തും തന്നെ സഭയിൽ പത്രോസിനുള്ള പ്രാധാന്യത്തെ എടുത്തുപറഞ്ഞിട്ടില്ല. അപ്പോസ്തലന്മാർ പങ്കെടുത്ത ഒന്നാമത്തെ സൂനഹദോസിൽ പത്രോസല്ല യാക്കോബാണ് അന്തിമതീരുമാനം പറയുന്നതു്.

2. പത്രോസ് തൻെറ ലേഖനങ്ങളിൽ ഒരിടത്തും തനിക്കു് മററു് അപ്പോസ്തലന്മാരുടെമേൽ അധികാരം ഉണ്ട് എന്ന് സൂചിപ്പിച്ചിട്ടില്ല. പത്രോസ് തന്നെത്തന്നെ വിവരിക്കുന്നതു് ഇങ്ങനെയാണ്: ''ക്രിസ്തുവിൻെറ പീഡാനുഭവങ്ങൾക്കു ദൃക്സാക്ഷിയും വെളിപ്പെടാൻപോകുന്ന മഹത്വത്തിൻെറ പങ്കാളിയും ഒരു കൂട്ടുമൂപ്പനും എന്ന നിലയിൽ നിങ്ങളുടെ ഇടയിലെ മൂപ്പന്മാരെ ഞാൻ ഉപദേശിക്കുന്നു''(പത്രോ. 5:1). ഇവിടെ പത്രോസ് താൻ ഒരു കൂട്ടുമൂപ്പൻ ആണ് എന്നു മാത്രമേ അവകാശപ്പെടുന്നുള്ളു. മററു് അപ്പോസ്തലന്മാർക്കു് തുല്യനാണെന്നല്ലാതെ അവർക്കു് ഉപരിയാണെന്നു് പത്രോസ് പറയുന്നില്ല.

3. പൗലോസ് സഭയുടെ സ്ഥാനികളെ വിവരിക്കുന്നതു് ഇപ്രകാരമാണ്: ''സഭയിൽ ഒന്നാമതു് അപ്പോസ്തലന്മാരെയും രണ്ടാമതു പ്രവാചകരെയും മൂന്നാമതു് പ്രബോധകരെയും പിന്നെ അത്ഭുതപ്രവർത്തകരെയും പിന്നെ രോഗശാന്തിശുശ്രൂഷകരെയും സഹായികളെയും മേൽവിചാരകരെയും വിവിധഭാഷാവരമുള്ളവരെയും ദൈവം നിയമിച്ചു'' (1 കോറി. 12:28). ''അവൻ ചിലർക്കു് അപ്പോസ്തലന്മാരാകാനും ചിലർക്കു സുവിശേഷപ്രഘോഷകരാകാനും ചിലർക്കു് ഇടയന്മാരാകാനും ചിലർക്കു് അധ്യാപകരാകാനും വരങ്ങൾ നല്കി''(എഫേ. 4:11).

പത്രോസിന് അപ്രമാദിത്തവരം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും പൗലോസ് ഈ വരത്തെക്കുറിച്ച് സഭയെ പഠിപ്പിക്കുമായിരുന്നില്ലേ എന്ന ചോദ്യം ഉന്നയിക്കപ്പെടുന്നുണ്ട്,

4. പൗലോസ് എഴുതുന്നു: ''ഞാൻ ഒന്നുമല്ലാത്തവനെങ്കിലും ഈ കേമന്മാരായ അപ്പോസ്തലന്മാരെക്കാൾ ഒട്ടും താണവനല്ല'' (2 കോറി. 12:11). പൗലോസ് യേശുവിൻെറ നേരിട്ടുള്ള ശിഷ്യൻ അല്ലാതിരുന്നിട്ടും വിശ്വാസത്തിലും പ്രബോധന കാര്യങ്ങളിലും അവരുടെ പിന്നിലല്ല എന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നു. ഇതിനർത്ഥം ആദിമസഭയിൽ പത്രോസിന് എന്തെങ്കിലും പ്രത്യേക അധികാരം ഉണ്ടായിരുന്നു എന്ന് അപ്പോസ്തലന്മാരും പൗലോസും കരുതിയിരുന്നില്ല എന്നതാണ്.

5. പൗലോസ്, പത്രോസിനെ മുഖത്തുനോക്കി കുററപ്പെടുത്തുന്നതായി ഗലാത്തിയക്കാർക്കു് എഴുതിയ ലേഖനത്തിൽ കാണാം. ''പക്ഷേ, കേപ്പാ അന്തിയോഖ്യയിൽ വന്നപ്പോൾ, അയാളുടെ മുഖത്തുനോക്കി ഞാൻ എതിർത്തു. കാരണം, അയാൾ കുററക്കാരനായിരുന്നു. വിജാതീയരോടൊത്തു ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കേപ്പാ, യാക്കോബിൻെറ അടുക്കൽനിന്നു ചില ആളുകൾ വന്നപ്പോൾ, പരിച്ഛേദനവാദികളെ ഭയന്നു് അതിൽനിന്നു പിന്മാറി അകന്നു നിന്നു. മററു യഹൂദസഹോദരരും പത്രോസിനോടൊത്തു് ആത്മാർത്ഥതയില്ലാതെ മാറിനിന്നു;

ബർന്നബാസ് പോലും ഈ കാപട്യത്തിനു വഴിപ്പെട്ടു. സുവിശേഷസത്യത്തിന്ന് അനുസൃതമായ നേർവഴിയിൽക്കൂടിയല്ല അവർ സഞ്ചരിക്കുന്നതെന്നു ബോധ്യമായപ്പോൾ, ഞാൻ എല്ലാവരുടെയും സമക്ഷം കേപ്പായോടു ചോദിച്ചു: 'യഹൂദനായ താങ്കൾ യഹൂദനെപ്പോലെയല്ലാതെ, വിജാതീയനെപ്പോലെയാണ് ജീവിക്കുന്നത്. വിജാതീയർ യഹൂദരെപ്പോലെ ജീവിക്കണം എന്നു നിർബന്ധിക്കാൻ താങ്കൾക്ക് എങ്ങനെ കഴിയും?'' (ഗലാ. 2:11-14). പത്രോസിനു സഭയിൽ എന്തെങ്കിലും പ്രത്യേക അവകാശം ഉണ്ടായിരുന്നു എന്ന് ആദിമസഭ വിശ്വസിച്ചിരുന്നെങ്കിൽ തീർച്ചയായും പത്രോസിനെ പൗലോസ് കുറ്റപ്പെടുത്തുമായിരുന്നില്ല. ഈ കുറ്റപ്പെടുത്തൽ വഴി പത്രോസ് എല്ലാവരെയും പോലെ പാപിയും സമൂഹസമ്മർദ്ദത്തിൽപ്പെട്ട് വഴിതെറ്റിപ്പോകാൻ ഇടയുള്ള ഒരു മനുഷ്യവ്യക്തിയുമായിരുന്നു എന്നു തെളിയുന്നു.

അങ്ങനെ ആദിമസഭയിൽ പത്രോസിനു പ്രത്യേകാധികാരം ഒന്നുമില്ലായിരുന്നു എന്നു ചൂണ്ടിക്കാണിച്ചശേഷം, എങ്ങനെ പത്രോസിന്റെ പിൻഗാമികൾ സഭയുടെമേൽ അധികാരം ഉണ്ടാകും എന്ന് ചിലർ വാദിക്കുന്നു. വാദത്തിനു വേണ്ടി പത്രോസിനു മുഖ്യസ്ഥാനം ഉണ്ട് എന്നു സമ്മതിച്ചാൽ തന്നെ മറ്റു രണ്ടു ചോദ്യങ്ങൾക്കു കൂടി കത്തോലിക്കാസഭ ഉത്തരം പറയണമെന്നാണ് മാർപ്പാപ്പായുടെ സഭയിലുള്ള അനിഷേധ്യസ്ഥാനം ചോദ്യം ചെയ്യുന്നവർ വാദിക്കുന്നത്. പത്രോസിനു കിട്ടിയ ഈ പ്രത്യേക അവകാശം എങ്ങനെ റോമിലെ മെത്രാനു കിട്ടി? റോമിലെ മെത്രാൻ മാത്രമാണ് പത്രോസിന്റെ പിൻഗാമി എന്നുള്ളതിനു സുവിശേഷത്തിൽ എന്താണ് തെളിവ്? പത്രോസിന്റെ റോമാ സന്ദർശനം ഇന്നും ചരിത്രകാരന്മാരുടെ ഇടയിൽ ഒരു തർക്കവിഷയമാണ്. റോമൻ സാമ്രാജ്യത്തിന്റെ കേന്ദ്രം എന്നതിനപ്പുറം ക്രിസ്തുവിന്റെ ജീവിതകാലത്ത് യാതൊരു പ്രാധാന്യവും റോമായ്ക്ക് ഉണ്ടായിരുന്നില്ല. ക്രിസ്തു ജനിച്ചത് പാലസ്തീനിലാണ്. ജെറൂശലേം അക്കാലത്ത് വിശുദ്ധനഗരം ആയിരുന്നു. അവിടെയാണ് യേശു സുവിശേഷം പ്രസംഗിച്ചതും തന്റെ പരമബലി അർപ്പിച്ചതും. അവിടെയാണ് ആദ്യത്തെ സൂനഹദോസ് കൂടിയത്. പ്രവാചകന്മാർ, ജെറൂശലേമിനെക്കുറിച്ചാണ് രക്ഷകന്റെ നഗരമെന്ന് പ്രവചിച്ചിട്ടുള്ളത്. യേശുവും അപ്പോസ്തലന്മാരും റോമാ ആയിരിക്കും സഭയുടെ കേന്ദ്രം എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. പത്രോസിന്റെ പിൻഗാമികൾ തലമുറ തലമുറയായി തന്റെ സഭയെ ഭരിക്കുമെന്നും റോമിലെ മെത്രാൻ ലോകത്തിൽ യേശുവിന്റെ കാണപ്പെട്ട പ്രതിനിധിയും വികാരിയും ആയിരിക്കുമെന്നും ഒരു സൂചനപോലും ഒരിടത്തും നല്കുന്നില്ല.

മുൻപറഞ്ഞ വാദഗതികൾ ഉന്നയിച്ചുകൊണ്ടാണ് കത്തോലിക്കേതര ക്രൈസ്തവസഭകൾ റോമൻ മാർപ്പാപ്പായ്ക്ക് ക്രിസ്തുവിന്റെ സഭയുടെമേൽ യാതൊരു പ്രത്യേകാധികാരവും ഇല്ല എന്ന് വാദിക്കുന്നത്.

പേപ്പസിയുടെ വളർച്ച

II

ആദിമസഭ വളർന്നതും വികസിച്ചതും പ്രധാനമായും റോമൻ സാമ്രാജ്യത്തിനുള്ളിലാണ്. മാർ തോമസ് അപ്പോസ്തലൻ ഒഴിച്ചുള്ള അപ്പോസ്തലന്മാരും പൗലോസും സുവിശേഷം പ്രസംഗിച്ചതിന്റെ ഫലമായി റോമൻസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെട്ടു. അപ്പോസ്തല പ്രവൃത്തികളും ലേഖനങ്ങളും വായിക്കുമ്പോൾ ഓരോ സഭകളും വിശ്വാസികളുടെ കൂട്ടായ്മ മാത്രമായിരുന്നെന്നും അവർ അതതു കൂട്ടായ്മകളിൽ ശുശ്രൂഷകരെ നിയമിച്ചുപോന്നു എന്നും മനസ്സിലാക്കാം. ആദിമനൂറ്റാണ്ടിൽ സഭാവ്യവസ്ഥയെക്കുറിച്ച് ഡോ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു:

''ഒരു നഗരത്തിലെ വിശ്വാസികൾ എല്ലാംകൂടി ഒരു ഇടവകയായതുപോലെ പല ഇടവകകൾ ചേർന്ന് ഒരു പ്രോവിൻസുണ്ടായി. ഡയക്ലിഷൻ (284-305) എന്ന റോമൻ ചക്രവർത്തി 297-ൽ സാമ്രാജ്യത്തെ പ്രീഫെക്ചറുകൾ (Prefectures), ഡയോസിസുകൾ (Dioceses), പ്രൊവിൻസുകൾ (Provinces) എന്നിങ്ങനെ വിഭജിച്ചു. 'diokein'—'ഡിയോകെയിൻ'—എന്ന ഗ്രീക്കുപദത്തിന്റെ മൂലാർത്ഥം 'ഭരണം നടത്തുക' എന്നത്രെ. റോമൻ നിയമപ്രകാരം, ഡയോസിസ് ഭരണത്തിനു വിധേയമായ ഒരു പ്രദേശമാണ്. ഇതു് ഒരു പട്ടണമോ ഒരു പ്രോവിൻസിന്റെ ഭാഗമോ ആകാം. ക്രൈസ്തവമതം റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി അംഗീകരിക്കപ്പെട്ടപ്പോൾതന്നെ സഭാഭരണവും രാജ്യഭരണവുമായി ഉറ്റബന്ധമുണ്ടായി. റോമൻ ഭരണകൂടത്തിൽ നിലവിലിരുന്ന ഭരണരീതി സഭാനേതാക്കളും സ്വീകരിച്ചു.

നിക്യാസൂനഹദോസിന്റെ ആറാമത്തെ കാനോന പുരാതനസഭകളുടെ മേഖലാവിഭജനരീതിയെപ്പറ്റി പറയുന്നുണ്ട്. മെത്രാനു് ഒരു പ്രത്യേകമേഖലയിൽ അധികാരമുണ്ടായിരുന്നു. മെത്രാൻ താമസിക്കുന്ന സ്ഥലത്തിന്റെ പേരിലാണ് രൂപത അറിയപ്പെടുന്നത്. റോമൻ സാമ്രാജ്യത്തിലെ പ്രോവിൻസുകളുടെ തലസ്ഥാനങ്ങളായിരുന്ന ക്രൈസ്തവസമൂഹത്തിന്റെ പ്രഥമകേന്ദ്രങ്ങൾ. പൗരസ്ത്യസഭകൾ മൂന്നാംനൂറ്റാണ്ടിൽതന്നെ ഭരണപരമായ വിഭജനങ്ങൾ സ്വീകരിച്ചു. പാശ്ചാത്യസഭകളിൽ വിഭജനം നടന്നത് വളരെ വൈകിയാണ്. പ്രധാനതലസ്ഥാനപട്ടണങ്ങളിൽ സഭകൾ ആസ്ഥാനം ഉറപ്പിച്ചതുകൊണ്ട് പ്രേഷിത പ്രവർത്തനം എളുപ്പമായിരുന്നു. അതിനെത്തുടർന്നു പുതിയ സഭാസമൂഹങ്ങൾ രൂപം കൊണ്ടു. അങ്ങനെ മാതൃസഭകളുണ്ടായി. അവിടത്തെ മെത്രാന്മാരെ മെത്രാപ്പോലീത്താമാർ എന്നു വിളിച്ചുവന്നു.

ഒരു പ്രോവിൻസിലെ മെത്രാന്മാർ ഒന്നിച്ചുകൂടി പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന പതിവ് രണ്ടാംനൂറ്റാണ്ടിൽതന്നെയുണ്ടായിരുന്നു. ഈ പതിവ് ആരംഭിച്ചത് ഏഷ്യാമൈനറിലാണത്രെ. ഇപ്രകാരമുള്ള സമ്മേളനങ്ങൾ സഭയുടെ ഐക്യത്തിനും സുസ്ഥിതിക്കും പ്രയോജനകരമായിരുന്നു.

പ്രോവിൻസ് അടിസ്ഥാനമാക്കിയുള്ള ഈ സമ്മേളനങ്ങളുടെ നേതൃത്വം മെത്രാപ്പോലീത്തയാണ് വഹിച്ചിരുന്നത്. പാശ്ചാത്യസഭയിൽ റോമിലേയും കാത്തേജിലേയും മെത്രാന്മാരായിരുന്ന ഈ പ്രൊവിൻഷ്യൽ ഗ്രൂപ്പുകളുടെ നേതാക്കന്മാർ. പൗരസ്ത്യസഭകളിലും രാഷ്ട്രീയമേഖലാവിഭജനരീതി പ്രതിഫലിച്ചിരുന്നു. പാശ്ചാത്യസഭയിൽ, വടക്കെ ആഫ്രിക്കൻ പ്രോവിൻസുകളിലെ മെത്രാന്മാരെല്ലാം കാത്തേജിൽ സമ്മേളിച്ച് ചർച്ചകൾ നടത്തിയിരുന്നു. അതുപോലെ ഇററലിയിലെ മെത്രാന്മാർ റോമിൽ സമ്മേളിച്ചു. റോമാ, അന്ത്യോക്യാ, അലക്സാണ്ട്റിയ എന്നീ കേന്ദ്രങ്ങളിലെ മെത്രാന്മാരായിരുന്ന സഭയിൽ പ്രധാനസ്ഥാനം വഹിച്ചിരുന്നത്. എഫേസൂസിലേയും കപ്പദോച്ചിയായിലെ കേസറിയായിലേയും (Caesarea in Cappadocia) പലസ്തീനായിലെ കേസറിയായിലേയും (Caesaria in Palastine) മെത്രാന്മാർക്കും ഉന്നതസ്ഥാനമാണുണ്ടായിരുന്നത്. എഫേസൂസിലെയും ഹെരാക്ലിയാ(Heraclea)യിലേയും കേസറിയായിലേയും മെത്രാന്മാർ മെത്രാപ്പോലിത്തൻസ്ഥാനത്തിനുവേണ്ടി പരിശ്രമിച്ചതിനെപ്പററി കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലിൻെറ രണ്ടാം കാനോന പറയുന്നുണ്ട്. മാതൃസഭയോട് മററു ചെറിയ സഭാസമൂഹങ്ങൾ വളരെയധികം ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നത്.

പാത്രിയക്കീസന്മാർ

മെത്രാപ്പോലീത്താമാരുടെ കീഴിലുള്ള സഭാസമൂഹങ്ങളെല്ലാം ഒന്നിച്ച് ഒരു വലിയ സംഘടനക്ക് രൂപം കൊടുക്കാൻ മൂന്നാം നൂററാണ്ടിൽ ചില ശ്രമങ്ങൾ നടന്നു. ഇവയെയാണ് പാത്രിയാക്കേററ് (Patriarchate) എന്നു പറയുന്നത്. ഒരു കടുംബത്തിൻേറയോ ഗോത്രത്തിൻെറയോ തലവൻ എന്ന അത്ഥത്തിലാണ് യഹൂദർ പാത്രിയാർക്ക് (Patriarch) എന്ന പദം ഉപയോഗിച്ചിരുന്നത്. പഴയനിയമത്തിൽ ഗോത്രത്തലവന്മാർക്കും പാത്രിയക്കീസ് എന്ന പേരുണ്ടായിരുന്നു. അബ്രാഹവും യാക്കോബും പാത്രിയർക്കീസ് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

തിരുസഭാചരിത്രത്തിൽ പാത്രിയർക്കീസിനു് പ്രത്യേക അത്ഥമുണ്ട്. ആദ്യനൂററാണ്ടുകളിലെ പ്രധാന ക്രൈസ്തവകേന്ദ്രങ്ങളായിരുന്ന റോമാ, അലക്സാണ്ട്റിയ, അന്ത്യോക്യാ തുടങ്ങിയവ. ഇവിടത്തെ മെത്രാന്മാർക്ക് പാത്രിയർക്കീസ്സ്ഥാനം ലഭിച്ചിരുന്നു. പ്രേഷിതപ്രവർത്തനങ്ങൾക്ക് ഈ കേന്ദ്രങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. നിക്യാസൂനഹദോസിൻെറ (325) 6—ാം കാനോന റോമാ, അലക്സാണ്ട്റിയ, അന്ത്യോക്യാ എന്നീ കേന്ദ്രങ്ങളുടെ സ്ഥാനം അഭംഗം കാത്തുസൂക്ഷിക്കണം എന്നു പറയുന്നു. എന്നാൽ പിന്നീട് ഇവയുടെ സ്ഥാനക്രമത്തിൽ ചില മാററങ്ങൾ വരുത്തേണ്ടിവന്നു; കോൺസ്റ്റാൻറിനോപ്പിൾ (Constantinople) റോമൻചക്രവത്തിയുടെ ആസ്ഥാനമായി മാറിയപ്പോൾ. രാജ്യഭരണക്രമത്തിൻെറ മാതൃകയിൽ സഭാഭരണം സംവിധാനം ചെയ്തിരുന്നതുകൊണ്ട്, ഈ മാററം സഭാഭരണത്തേയും ബാധിച്ചു. കോൺസ്റ്റാൻറിനോപ്പിൾ റോമാ കഴിഞ്ഞാൽ അടുത്ത സ്ഥാനം ആവശ്യപ്പെട്ടു. ആദ്യനൂററാണ്ടുകളിൽ പാത്രിയക്കീസ് സംവിധാനം സഭയിൽ ഏറെക്കുറെ കാര്യക്ഷമമായിത്തന്നെ പ്രവത്തിച്ചു. പ്രധാന കേന്ദ്രങ്ങളിലെ പ്രബലരായ പാത്രിയർക്കീസുമാർ അവരവരുടെ സഭകളുടെ ഭരണത്തിൽ മാത്രമല്ല, സാർവ്വത്രികസഭയുടെ പൊതുകാര്യങ്ങളിലും അതിയായ താത്പര്യം കാണിച്ചു. റോമാ, അലക്സാണ്ട്റിയ, അന്ത്യോക്യാ, കോൺസ്റ്റാൻറിനോപ്പിൾ, ജറൂസലേം എന്നീ അതിപ്രധാന

പാത്രിയാർക്കേററുകൾ സഭയുടെ 'പെൻറാക്കി' (Pentarchy—അഞ്ച് അധികാരകേന്ദ്രങ്ങൾ) എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവരിൽ പ്രമുഖസ്ഥാനം റോമിലെ പാത്രിയക്കീസിനായിരുന്നു.

കോൺസ്റ്റാൻറിനോപ്പിൾ

നാലാം നൂററാണ്ടാരംഭത്തിൽ കോൺസ്റ്റാൻറിനോപ്പിൾ ഹെരാക്ലിയ അതിരൂപതയുടെ ഒരു സാമന്തരൂപതയായിരുന്നു. എന്നാൽ 824—ൽ കോൺസ്റ്റൈൻറൻ (Constantine) ചക്രവർത്തി റോമിൻെറ തലസ്ഥാനം കോൺസ്റ്റാൻറിനോപ്പിളിലേക്കു മാററിയപ്പോൾ ''പുതിയ റോമാ'' എന്ന പേരിൽ ഈ നഗരം അറിയപ്പെടുവാൻ തുടങ്ങി. ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിൽ (381) ഇതിനു് പാത്രിയർക്കീസുമാരുടെ കൂട്ടത്തിൽ രണ്ടാം സ്ഥാനം നൽകി കാൽസിഡോൺ കൗൺസിലിൻെറ 28—ാമത്തെ കാനോനായും ഇതു് അംഗീകരിച്ചുറപ്പിച്ചു. ഇപ്രകാരം അഞ്ചാംനൂററാണ്ടുമുതൽ റോം കഴിഞ്ഞാൽ അടുത്ത സ്ഥാനം കോൺസ്ററാൻറിനോപ്പിളിനു് ലഭിച്ചു. നാലാം കോൺസ്ററാൻറിനോപ്പിൾ കൗൺസിലിൻെറ (869-870) 21-ാം കാനൻ ഈ വസ്തുത ഔദ്യോഗികമായി സ്ഥിരപ്പെടുത്തി. എന്നാൽ റോമിലെ പോപ്പ് ലെയോ ഒന്നാമൻ (440-461) ഇതു സ്വീകരിച്ചിരുന്നില്ല. കാൽസിഡോണിൻെറ 28-ാം കാനൻ അസ്വീകാര്യമാണെന്നു മാപ്പാപ്പാ പ്രഖ്യാപിച്ചെങ്കിലും ക്രമേണ ഈ കാനോനാ പൊതുവെ അംഗീകൃതമായി. 1438-ൽ നടന്ന ഫ്ളോറൻസ് കൗൺസിൽ കോൺസ്ററാൻറിനോപ്പിളിൻെറ രണ്ടാംസ്ഥാനം വീണ്ടും ഉറപ്പിച്ചു.

തലസ്ഥാനനഗരം എന്ന നിലയിൽ കോൺസ്റ്റാൻറിനോപ്പിൾ വളരെയധികം ആനുകൂല്യങ്ങൾ അനുഭവിച്ചുപോന്നു. ബൈസൈൻറൻറീത്തിലുള്ള പൗരസ്ത്യസഭകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം കോൺസ്റ്റാൻറിനോപ്പിളിനാണ് എന്നു് കാൽസിഡൻ (Chalcedon) സൂനഹദോസ് പറയുന്നു. പോന്തസ് (Pontus), ഏഷ്യാ (Asia), ത്രാസ് (Thrace) എന്നീ രൂപതകളിലെ മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം കോൺസ്റ്റാൻറിനോപ്പിൾമെത്രാനു് സൂനഹദോസ് കൊടുത്തു. ഇതോടുകൂടി കോൺസ്റ്റാൻറിനോപ്പിളിനെ റോമിൻെറയും അലക്സാണ്ട്റിയായുടെയും അന്ത്യോക്യായുടെയും മുൻപന്തിയിലേക്ക് എത്തിച്ചു. ആറാംനൂററാണ്ടുമുതൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയക്കീസിനെ 'എക്കുമേനിക്കൽ പാത്രിയർക്കീസ്' (Ecumenical Patriarch) എന്നു് വിളിച്ചു തുടങ്ങി. പോപ്പ് ഗ്രിഗറി (Gregory the Great 590-604) ഈ പദവിയെ എതിത്തുവെങ്കിലും, ചക്രവത്തിയുടെ അംഗീകാരത്തോടെ അതുപയോഗിച്ചുപോന്നു. ഏഷ്യാമൈനർ മുഴുവനിലും കോൺസ്റ്റാൻറിനോപ്പിളിനു് ഭരണാധികാരം ഉണ്ടായിരുന്നു.

ജറൂസലേം

സഭാതലത്തിൽ ജറൂസലേമിനു് പ്രത്യേക പ്രാധാന്യമുണ്ടായിരുന്നു. പലസ്തീനായിലെ കേസറിയാ രൂപതയുടെ സാമന്തരൂപതയായിരുന്നു ജറൂസലേം. നിക്യാസൂനഹദോസ് ഈ രൂപതക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തു. എന്നാൽ അതുകൊണ്ട് തൃപ്തിപ്പെടാതെ, ജറൂസലേമിനെ ഒരു പാത്രിയാർക്കേററായി മാററണമെന്നു് അവിടത്തെ മെത്രാന്മാർ ആവശ്യപ്പെട്ടു. അവസാനം അവർ അതിൽ വിജയിച്ചു. കാൽസിഡൺ കൗൺസിൽ (451) പലസ്തീനയിലെ മൂന്നു പ്രോവിൻസുകളുടെമേൽ ജറൂസലേമിനും

അധികാരം നൽകി. ഇതിനുപുറമെ, അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള അറേബ്യാ(Arabia), ഫിനീഷ്യ(Phoenicia)എന്നീ രൂപതകളുടെമേൽ അധികാരം ചെലുത്താൻ ശ്രമിച്ചെങ്കിലും അതിൽ പരാജയപ്പെട്ടു. അവ തിരിച്ച് അന്ത്യോക്യാക്കാർക്കു കൊടുക്കേണ്ടിവന്നു.

റോമാസാമ്രാജ്യത്തിനു പുറത്ത് പേർഷ്യയിലെ സഭാകേന്ദ്രമായിരുന്ന സെലൂഷ്യാ സ്റ്റെറസിഫൻ. ഇവിടത്തെ മെത്രാപ്പോലീത്താ ആദ്യം കത്തോലിക്കോസ് എന്നും പിന്നീട് പാത്രിയർക്കീസ് എന്നും അറിയപ്പെട്ടു. ഭാരതസഭയ്ക്ക് പേർഷ്യൻ സഭയുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ഭാരതസഭയുടെ തലവൻ 'ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ' (Metropolitan of the whole India) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 'മാർത്തോമ്മാക്രിസ്ത്യാനികൾ' എന്ന പേരാണ് ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവസമൂഹത്തിനുണ്ടായിരുന്നത്.'' (തിരുസ്സഭാചരിത്രം: റവ. ഡോ. സേവ്യർ കൂടപ്പുഴ. പേജ് 244_248)

A.D.313-ൽ കോൺസ്റ്റന്റയിൻ ചക്രവത്തി ക്രൈസ്തവക്ക് മതസ്വാതന്ത്ര്യം അനുവദിക്കുന്നതുവരെ സഭ പീഡനവിധേയായിരുന്നു. എന്നാൽ 313_ൽ സഭയുടെ സ്വഭാവത്തിൽ വമ്പിച്ച മാററങ്ങൾ വന്നു ഭവിച്ചു. ഇതിനെക്കുറിച്ച് ഫാ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: ''313-ൽ റോമാസാമ്രാജ്യത്തിൽ സഭ സ്വാതന്ത്രയായപ്പോൾ ആരാധനാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനും വസ്തുവകകൾ കൈവശം വയ്ക്കുന്നതിനുമുള്ള സ്വാതന്ത്ര്യം സഭയ്ക്കു സിദ്ധിച്ചു. അതേത്തുടന്ന് കോൺസ്റ്റന്റൈൻ ചക്രവത്തിയും ഉദാരമതികളായ നിരവധി പ്രഭുക്കന്മാരും സഭയ്ക്ക് ഭൗതികാവശ്യങ്ങൾക്കായി വിസ്തൃതമായ ഭൂപ്രദേശങ്ങൾ ദാനം ചെയ്തു. ക്രമേണ ഇററലിയിലെ ഏററവും വലിയ ഭൂവുടമ മാർപ്പാപ്പായായി. റോമാകേന്ദ്രമായി വടക്കേ ഇററലി, ദൽമേഷ്യാ, തെക്കെ ഇററലി, സിസിലി എന്നിവയുൾപ്പെടെ അതിവിസ്തൃതമായ ഒരു ഭൂപ്രദേശം രൂപംകൊണ്ടു. പേപ്പൽ സ്റേററിന്റെ ആരംഭമായിരുന്നു അത്. ഈ പ്രദേശത്തുനിന്നുള്ള ആദായം സഭാഭരണത്തിനായി മാർപ്പാപ്പാ വിനിയോഗിച്ചിരുന്നു'' (മുൻഗ്രന്ഥം. പേജ് 321_322).

ഇതുവരെ അടിച്ചമർത്തപ്പെട്ടവരുടെ ആയിരുന്ന സഭ പതുക്കെ പതുക്കെ വമ്പിച്ച ഭൂവുടമകളുടേയും സാമ്രാജ്യത്തിന്റെയും സഭയായി മാറി. കോൺസ്റ്റന്റയിൻ ചക്രവത്തി റോമായിലെ സഭാതലവന് ലാററൻ കൊട്ടാരം ദാനമായി കൊടുത്തതോടെ പ്രഭുസഹജമായ അധികാരത്തിലേയ്ക്ക് സഭാധികാരം ഉയന്നു. കോൺസ്റ്റന്റയിന്റെ കാലത്ത് റോമാസാമ്രാജ്യം രണ്ടായി വിഭജിക്കപ്പെടുകയും കോൺസ്റ്റാന്റിനോപ്പിൾ കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിത്തീരുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി റോമൻ മാർപ്പാപ്പാ ചരിത്രത്തിന്റെ കുത്തൊഴുക്കിൽ റോമിലെ ഭരണാധിപനായി തീന്നു, ഈ ചരിത്രം ഡോ. കൂടപ്പുഴ ഇങ്ങനെ വിവരിക്കുന്നു:

''പേപ്പൽസ്റ്റേററിന്റെ രൂപീകരണത്തിന് വഴിതെളിച്ച സംഭവങ്ങൾ പലതാണ്. അതിൽ മുഖ്യമായത് ബാഹ്യസമ്മർദ്ദവും അതെത്തുടർന്നുണ്ടായ സുരക്ഷിതത്വത്തിന്റെ ആവശ്യകതയുമാണ്.

ലൊമ്പാർഡുക (Lombards) ളെന്നറിയപ്പെടുന്ന ജർമ്മൻവംശജരായ ഒരു വർഗ്ഗം എ. ഡി. 568_ൽ ഇററലിയുടെ വടക്കുഭാഗത്തുനിന്നും ആക്രമണം

ആരംഭിച്ചു. ഇററലിക്കാകമാനം ഇതൊരു ഭീഷണിയായിത്തീർന്നു; ഇററലിയുടെ ഐക്യത്തെയും സുരക്ഷിതത്വത്തെയും ഇതു് സാരമായി ബാധിച്ചു. അന്ന് ഇററലി ബൈസന്റൈൻ സാമ്രാജ്യത്തിലായിരുന്നു. പക്ഷേ ലൊമ്പാർഡുകളെ തടയുവാൻ ചക്രവർത്തിക്കു കഴിഞ്ഞില്ല. ഇക്കാര്യത്തിൽ ചക്രവർത്തി തീരെ ശ്രദ്ധചെലുത്തിയില്ല. കാരണം മുഹമ്മദീയരുടെ കൂടെക്കൂടെയുള്ള ആക്രമണത്തിനെതിരായുള്ള പ്രതിരോധനീക്കങ്ങളിലായിരുന്നു അദ്ദേഹം ശ്രദ്ധയൂന്നിയിരുന്നതു്. ബൈസന്റൈൻ ചക്രവർത്തിയിൽനിന്നും സുരക്ഷിതത്വം ലഭിക്കയില്ലെന്നു മനസ്സിലാക്കിയ ജനങ്ങൾ ഇററലിയിലെ അന്നത്തെ പ്രബലശക്തിയായ മാർപ്പാപ്പായെ അഭയം പ്രാപിക്കാൻ നിർബന്ധിതരായി. മാർപ്പാപ്പാ ഇററലിക്കു നേതൃത്വം നൽകാൻ മുമ്പോട്ടുവന്നു. അങ്ങനെ മാർപ്പാപ്പായുടെ നേതൃത്വം ഇററലിയിൽ അംഗീകരിക്കപ്പെട്ടു. മഹാനായ ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പാ (590-604) ലൊമ്പാർഡുകളുമായി ഒരു സഖ്യത്തിലേർപ്പെടുകയും ആക്രമണം ഭാഗികമായി തടയുകയും ചെയ്തു. ഈ സംഭവം മാർപ്പാപ്പായുടെ ശക്തി ഇററലിയിൽ പ്രബലപ്പെടുത്തുകയും രാഷ്ട്രീയരംഗത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കയും ചെയ്തു. തുടർന്ന് മാർപ്പാപ്പാ ചക്രവർത്തിയുടെ ഇററലിയിലെ അനൗദ്യോഗിക പ്രതിനിധിയെന്നവണ്ണം വർത്തിച്ചുപോന്നു.

മതപരമായ സംഭവവികാസങ്ങൾ

പേപ്പൽസ്റ്റേററിന്റെ രൂപീകരണത്തിന് പരോക്ഷമായി സ്വാധീനിച്ച ചില മതപരമായ സംഭവവികാസങ്ങളുമുണ്ട്. 717 മുതൽ 740 വരെ കോൺസ്റ്റാന്റിനോപ്പിൾ ചക്രവത്തിയായിരുന്ന ലെയോ മൂന്നാമൻ മതകാര്യങ്ങളിലും കൈകടത്താൻ തുടങ്ങി. ക്രിസ്തുവിന്റെയും വിശുദ്ധന്മാരുടെയും പ്രതിമകളും രൂപങ്ങളും വിഗ്രഹാരാധനയ്ക്ക് വഴിതെളിക്കുമെന്നു ഭയന്ന് ചക്രവർത്തി അവയെല്ലാം നശിപ്പിക്കാൻ തീരുമാനിച്ചു. മാർപ്പാപ്പായും മററ് സഭാധികാരികളും പ്രസ്തുത പ്രസ്ഥാനത്തെ എതിർത്തു. പക്ഷേ അതൊന്നും ചക്രവത്തി വകവച്ചില്ല. സാമ്രാജ്യത്തിൽ പ്രതിമകളും രൂപങ്ങളും നശിപ്പിക്കപ്പെട്ടു. ലെയോയുടെ പിൻഗാമി കോൺസ്റ്റന്റൈൻ അഞ്ചാമനും ഈ പ്രസ്ഥാനം തുടർന്നു. വിയോജിച്ച മെത്രാന്മാരെയും ക്രിസ്ത്യാനികളെയും പീഡിപ്പിച്ചു; നാടുകടത്തി. അനേകായിരം പേർ (50000 ?) ഇററലിയിൽ അഭയം പ്രാപിച്ചു. എന്നാൽ കോൺസ്റ്റന്റൈൻ ആറാമന്റെ കാലത്ത് ഈ നിലപാടിൽ വ്യതിയാനമുണ്ടായി. ഒരു കൗൺസിലിലൂടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ രണ്ടു പക്ഷത്തുനിന്നും നിർദ്ദേശമുണ്ടായി. മാർപ്പാപ്പാ അതു് സമ്മതിച്ചു. അതിന്റെ ഫലമായി 787_ൽ 7-ാം എക്യുമെനിക്കൽ കൗൺസിൽ നിക്യായിൽ സമ്മേളിച്ചു. പ്രതിമകൾവഴി വിശുദ്ധരെ വണങ്ങുന്നതിൽ തെററില്ലെന്ന് കൗൺസിൽ വിധിച്ചു. പ്രതിമകൾ നശിപ്പിക്കുന്ന പ്രവണത തെററാണെന്ന് കൗൺസിൽ പ്രഖ്യാപിച്ചു. ഈ സംഭവം ഇററലിയുടെയും കോൺസ്റ്റാന്റിനോപ്പിളിന്റെയും അകൽച്ചയ്ക്ക് കാരണമായി. മാർപ്പാപ്പായ്ക്ക് രാഷ്ട്രീയമായും സഭാസംബന്ധമായും സ്വന്തം അധികാരവും നിലപാടും ഉറപ്പിക്കാൻ ഇതു് സഹായകമായി. തന്നെയുമല്ല, കോൺസ്റ്റാന്റിനോപ്പിളിൽനിന്നും മാർപ്പാപ്പായ്ക്കും ഇററലിക്കാർക്കും അനിഷ്ടകരമായി പലതും പ്രതീക്ഷിക്കാമെന്ന അവബോധവും അവരിൽ ഉളവായി''(മുൻഗ്രന്ഥം. പേജ് 322_323).

അങ്ങനെ ഇററലിയിലെയും യൂറോപ്പിലെയും രാഷ്ട്രീയസംഭവവികാസങ്ങളാണ് റോമിനെ ഇതര പാത്രിയർക്കേററുകളെക്കാൾ സാമ്പത്തിക സുരക്ഷിത

ത്വവും അധികാരവുമുള്ള സ്ഥാനിയായി മാററിയത്. മാർപ്പാപ്പായുടെ രാഷ്ട്രീയാധികാരത്തിന് പിന്തുണ നല്കാൻ ''കോൺസ്റ്റൻറയിൻെറ ദാനം'' എന്ന ഒരു കള്ളരേഖ ഉപോദ്ബലകമായി റോമാ ഉപയോഗിച്ചു. ഫാ. കൂടപ്പുഴ എഴുതുന്നു:

''മാർപ്പാപ്പാ രാഷ്ട്രാധിപനും കൂടിയായതിൻെറ പിൻബലമായി വേണം 'കോൺസ്റ്റൻൈറൻെറ ദാന' ത്തെ വീക്ഷിക്കാൻ. പാശ്ചാത്യറോമാസാമ്രാജ്യത്തിൻെറയും സാർവ്വത്രികസഭയുടെയും മേൽ മാർപ്പാപ്പായ്ക്ക് പരമാധികാരം നല്കിക്കൊണ്ട് കോൺസ്റ്റൻൈറൻ ചക്രവർത്തി സിൽവെസ്റ്റർ ഒന്നാമന് (314—355) നൽകിയ ഒരു വിളംബരമായി ഇതിനെ കണക്കാക്കിപ്പോന്നു. പക്ഷേ എട്ടാം നൂററാണ്ടിൽ, മാർപ്പാപ്പായുടെ രാഷ്ട്രാധികാരത്തിനുള്ള പിൻബലമായി ആരോ കെട്ടിച്ചമച്ച ഒരു വ്യാജരേഖയാണിത്. നവോത്ഥാനകാലംവരെ(Renaissance) ഇതിൻെറ സാധുതയെ ആരും ചോദ്യം ചെയ്തിരുന്നില്ല. ഈ വ്യാജരേഖയിൽ ചക്രവർത്തിക്കുണ്ടായ ഒരു ദിവ്യദർശനത്തെക്കുറിച്ചും, ചക്രവർത്തി കുഷ്ഠരോഗത്തിൽ അത്ഭുതകരമായി വിമുക്തനായതിനെക്കുറിച്ചും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. ദർശനത്തിൽ വി. പത്രോസും വി. പൗലോസും ചക്രവർത്തിയോട് ക്രിസ്തുമതം സ്വീകരിക്കാൻ ആവശ്യപ്പെട്ടെന്നും, സൗഖ്യപ്രാപ്തിക്കായി സിൽവെസ്ററർ മാർപ്പാപ്പായെ സന്ദർശിക്കാൻ ആവശ്യപ്പെട്ടെന്നും കാണാം. ഈ രേഖയനുസരിച്ച് അന്ത്യോക്യാ, അലക്സാണ്ട്റിയാ, ജറുസലേം, കോൺസ്റ്റാൻറിനോപ്പിൾ എന്നീ നാലു റോമൻ പ്രവിശ്യകളിലും മാർപ്പാപ്പായ്ക്ക് അധികാരം നല്കിയിട്ടുണ്ടത്രേ! രാജകീയമായ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും, മാർപ്പാപ്പായ്ക്കും മററു സഭാധികാരികൾക്കും കോൺസ്ററൻൈറൻ ഈ രേഖവഴി അനുവദിച്ചിരിക്കുന്നു. സഭാധികാരികളെല്ലാം—മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ—റോമാസാമ്രാജ്യത്തിലെ രാജകീയവും ഉന്നതവുമായ വേഷവിധാനങ്ങൾ സ്വീകരിച്ചതിൻെറ കാരണവും ഈ രേഖയിൽ കാണുന്നുണ്ട്. റോമാസാമ്രാജ്യത്തിലെ വിവിധ സ്ഥാനപദവികൾ സഭ സ്വീകരിച്ചതിനുള്ള സാധൂകരണവും ഈ രേഖയിലുണ്ട്''(മുൻഗ്രന്ഥം. പേജ് 326-327)

7-ാം നൂററാണ്ടോടുകൂടി ഫ്രാൻസിൻെറ പിന്തുണയോടെ റോമാ പേപ്പൽ സംസ്ഥാനങ്ങൾ രൂപവല്ക്കരിച്ചപ്പോൾ ഇസ്ലാംമതത്തിൻെറ ആക്രമണത്തിൽ പൗരസ്ത്യപാത്രിയർക്കേററുകൾ നഷ്ടശക്തമായിത്തീർന്നു. യൂറോപ്പിലെ രാഷ്ട്രാധികാരങ്ങളെ തന്ത്രപൂർവ്വം നിയന്ത്രിച്ചിരുന്ന പാപ്പാ യൂറോപ്പിലെ ഏററവും ശക്തമായ വ്യക്തിയായി മാറുകയും തൻെറ അധികാരം പൗരസ്ത്യസഭയുടെ മേലും ഉണ്ട് എന്നു വാദിക്കാനും ആരംഭിച്ചു. എങ്ങനെ റോമൻ കേന്ദ്രീകരണം സാധിച്ചു എന്ന് ഫാ. കൂടപ്പുഴ എഴുതുന്നു:

''റോമനാധിപത്യം

റോമാ കേന്ദ്രമാക്കിയുള്ള ഒരു ഭരണസമ്പ്രദായം കത്തോലിക്കാസഭയിൽ പ്രാബല്യത്തിൽ വരുന്നത് പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളോടുകൂടിയാണ്. ഇക്കാലത്ത് ഭരണപരവും നയപരവുമായ പല കാര്യങ്ങളും മാർപ്പാപ്പായുടെ നിയന്ത്രണത്തിലായി. രാഷ്ട്രീയാധികാരികളുടെയും പ്രഭുക്കന്മാരുടെയും അതിരുകടന്ന പ്രേരണകൾ ആദ്ധ്യാത്മികവും ഭരണപരവുമായ തലങ്ങളിൽ പല ക്രമക്കേടുകളും വരുത്തി. ഇതിനെതിരായി ശബ്ദമുയർത്താൻ സഭാധികാരികൾ മടിച്ചില്ല. ഗ്രിഗറി ഏഴാമൻ(1073—1085) മാർപ്പാപ്പായാണ് ഇത്തരം പരിഷ്ക്കരണം തുടങ്ങിവച്ചത്. തുടർന്നു സ്ഥാനമേററ മാർപ്പാപ്പാമാരെല്ലാവരും തന്നെ ഈ

ലക്ഷ്യത്തിനായി പരിശ്രമിച്ചു. മാർപ്പാപ്പായുടെ നേതൃത്വം പാശ്ചാത്യരാജ്യങ്ങൾ പൊതുവായി അംഗീകരിക്കുന്നത് ഗ്രിഗറി ഏഴാമൻെറ കാലം മുതൽക്കാണ്. എല്ലാം റോമിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള പ്രവണതയാണ് ഇക്കാലഘട്ടത്തിൻെറ പ്രത്യേകത.

അധികാരകേന്ദ്രീകരണമെന്ന ഉദ്ദേശ്യത്തോടുകൂടി സമ്മേളിച്ച നാലാം ലാറററൻ സൂനഹദോസ് (1215)വിവിധങ്ങളായമാർഗ്ഗങ്ങളിലൂടെ അതു സാധിച്ചു. വിശുദ്ധരുടെ പൂജ്യാവശിഷ്ടങ്ങളുടെ പരസ്യവണക്കം മാർപ്പാപ്പായുടെ അംഗീകാരത്തോടെ വേണമെന്ന് നിർദ്ദേശിക്കുന്ന ഒരു രേഖതന്നെ പ്രസ്തുത സമ്മേളനം പാസ്സാക്കി. ഇതോടുകൂടി വിശുദ്ധരുടെ നാമകരണനടപടിയും റോമിൻെറ അധികാരപരിധിയിൽ ഒതുങ്ങി.

കുരിശുയുദ്ധങ്ങളുടെ കാലത്ത് അർത്ഥം കൊണ്ടും പട്ടാളസേവനം കൊണ്ടും സഭയെ സഹായിച്ചവരെ ആദ്ധ്യാത്മികാനുകൂല്യങ്ങൾ നൽകി അനുഗ്രഹിക്കുക പതിവായിരുന്നു. എന്നാൽ ഇതു ചിലർക്കു് വലിയ തെററുകളിൽനിന്ന് എളുപ്പത്തിൻ മോചനം ലഭിക്കാനുള്ള മാർഗ്ഗമായിത്തീർന്നു. ബന്ധവിമോചനങ്ങളുടെ ഇത്തരം തെററായ ഉപയോഗങ്ങളെ തടയുവാനായി മാർപ്പാപ്പാ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കുരിശുയുദ്ധത്തിന് പോയിരുന്നവരുടെ സ്വത്ത് സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വവും റോം ഏറെറടുത്തു. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിൽ വ്യാപകമായ 'ഇൻക്വിസിഷൻ' കോടതിയുടെ പ്രവർത്തനങ്ങളും റോമൻകേന്ദ്രീകരണ പ്രസ്ഥാനത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്.

മെത്രാന്മാരുടെ നിയമനവും മാർപ്പാപ്പായുടെ അധികാരത്തിലായപ്പോൾ മററു രൂപതകൾക്കു് റോമിനോടുള്ള വിധേയത്വം ഒന്നുകൂടി വർദ്ധിച്ചു. പാസ്കൽ രണ്ടാമൻെറ കാലം (1099—1118) വരെ മെത്രാനെ തെരഞ്ഞെടുത്തിരുന്നത് പ്രവിശ്യയിലെ (Province) മെത്രാന്മാരും സന്യാസമേലധികാരികളും (Major Superiors) ഭദ്രാസന ദേവാലയത്തിലെ വൈദികസമൂഹവും (Cathedral Chapter) അത്മായപ്രതിനിധികളും രാഷ്ട്രീയാധികാരിയുടെ പ്രതിനിധികളും ചേർന്ന ഒരു സംഘമായിരുന്നു. വേംസിലെ ഉടമ്പടിക്കുശേഷം (Concordat of Worms—1122) 'കത്തീഡ്രൽ ചാപ്ററർ' സ്വയം ഈയധികാരം ഏറെറടുത്തു. 'കത്തീഡ്രൽ ചാപ്ററർ' മാർപ്പാപ്പായ്ക്കു് കീഴിലായിത്തീർന്നതോടെ മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള അധികാരവും മാർപ്പാപ്പായ്ക്കായിത്തീർന്നു.

റോമൻ കേന്ദ്രീകരണനയത്തെ വളരെ കാര്യക്ഷമമായി സഹായിച്ചവരാണ് മാർപ്പാപ്പായുടെ പ്രതിനിധികൾ. നാലാം നൂററാണ്ടിൻെറ ആരംഭം മുതൽ തന്നെ മാർപ്പാപ്പാ വിവിധോദ്ദേശ്യങ്ങളോടെ തൻെറ പ്രതിനിധികളെ അയയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. സൂനഹദോസുകളിലും മെത്രാന്മാരുടെ ആലോചനാസംഘങ്ങളിലും മാർപ്പാപ്പായുടെ ദൗത്യവാഹകരായിട്ടാണ് ഇക്കൂട്ടർ അന്ന് പ്രവർത്തിച്ചിരുന്നത്. ഇവർ സൂനഹദോസുകളിലും അത്തരത്തിലുള്ള മററു സമ്മേളനങ്ങളിലും വളരെ ഉത്തരവാദിത്വമുള്ള സ്ഥാനം വഹിച്ചിരുന്നു.

എട്ടാം നൂററാണ്ടായപ്പോൾ സഭാകാര്യങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാതെ, മാർപ്പാപ്പാ സ്വതന്ത്രമായ ഒരു രാഷ്ട്രീയ ഭരണത്തലവൻ എന്ന നിലയ്ക്കുള്ള തൻെറ അവകാശങ്ങളുടെയും അംഗീകരണത്തിനായി പ്രതിനിധികളെ മററു രാജ്യങ്ങളിലേക്കും രാജസദസ്സുകളിലേക്കും അയയ്ക്കുവാൻ തുടങ്ങി. ഒന്നാം ലെയോ മാർപ്പാപ്പാ (440—461)യാണ് ആദ്യമായി ഇത്തരം പ്രതിനിധികളെ അയച്ചത്. പാശ്ചാത്യസഭയുടെ പാരമ്പര്യങ്ങളും, അധികാരാവകാശങ്ങളും ശരിയായിട്ട് പാലിക്കുന്നുണ്ടോ എന്നന്വേഷിക്കുവാൻ മാർപ്പാപ്പാ പ്രതിനിധികളെ

അയയ്ക്കാൻതുടങ്ങിയത് 9-ാം നൂററാണ്ടോടുകൂടിയാണ്. മൂന്നുതരത്തിലുള്ള പ്രതിനിധികളാണുണ്ടായിരുന്നത്. നയതന്ത്രപ്രതിനിധികളായി മാർപ്പാപ്പാ ഇതര രാജ്യങ്ങളിലേയ്ക്ക് അയച്ചിരുന്നവരാണ് 'ലെഗാത്തി മീസ്സി' (Legati Missi). പ്രോനൺഷ്യോ, ഇൻറർനൺഷ്യോ തുടങ്ങിയവരെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. രണ്ടാമത്തെ വിഭാഗം 'ലെഗാത്തി നാററി' (Legati Nati) എന്നാണറിയപ്പെടുന്നത്. ഇക്കൂട്ടർ റോമിൽനിന്ന് പ്രത്യേകം അയയ്ക്കപ്പെടുന്നവരല്ല. തദ്ദേശീയരായ മെത്രാന്മാരെയോ അതുപോലുള്ള സഭാധികാരികളെയോ ആ ഒരു പ്രദേശത്തേയ്ക്കോ രാജ്യത്തേയ്ക്കോ മുഴുവനായുള്ള തൻെറ പ്രതിനിധിയായി മാർപ്പാപ്പാ നിയമിക്കുകയാണു ചെയ്യുന്നത്. അങ്ങനെ സ്വന്തനാട്ടിൽ വസിച്ചുകൊണ്ട് റോമിലെ പാപ്പായുടെ പ്രതിനിധിയായി അവർ വർത്തിക്കുന്നു. ഏതെങ്കിലും പ്രത്യേക അവസരത്തിലോ സമ്മേളനത്തിലോ ചടങ്ങിലോ തന്നെ പ്രതിനിധീകരിക്കാൻ മാർപ്പാപ്പാ നിയോഗിക്കുന്ന വ്യക്തികളാണ് 'ലെഗാത്തി അലാത്തരെ' (Legati Alatere)എന്ന പേരിൽ അറിയപ്പെടുന്ന മൂന്നാമത്തെ വിഭാഗം. രാഷ്ട്രീയതലത്തിലും മതാത്മകതലത്തിലും റോമിനു് വലിയ സ്വാധീനം മററു രാജ്യങ്ങളുടെമേൽ, പ്രത്യേകിച്ച് പടിഞ്ഞാറൻ രാജ്യങ്ങളുടെമേൽ, ഉണ്ടായിരുന്നുവെന്നതിൻെറ തെളിവുകളായിരുന്നു ഇത്തരത്തിലുള്ള പേപ്പൽ പ്രതിനിധികൾ.

അധികാര കേന്ദ്രീകരണത്തിനുപയോഗിച്ചിരുന്ന മററു മാർഗ്ഗങ്ങളാണ് പാലിയം നല്കലും 'ആദ്‌ലിമിനാ' (Ad Limina) സന്ദർശനവും. 'പാലിയം' എന്നതു് തോളിൽ ധരിക്കുന്ന അലങ്കരിച്ച രോമവസ്ത്രമാണ്. സിവിലധികാരികളും മററും തോളിൽ ധരിച്ചിരുന്ന ഈ വസ്ത്രം സഭാധികാരത്തിൻെറ ഒരു ചിഹ്നമായി പരിണമിച്ചു. മെത്രാപ്പോലീത്താമാരുടെ സ്ഥാനാരോഹണം പൂർണ്ണമാകണമെങ്കിൽ മാർപ്പാപ്പായിൽനിന്നും നേരിട്ട് പാലിയം സ്വീകരിച്ചിരിക്കണമെന്നായി പുതിയ നിബന്ധന. ഇതിനുവേണ്ടി മെത്രാപ്പോലീത്താമാർ റോമാ സന്ദർശിക്കേണ്ടിയിരുന്നു. എല്ലാ മെത്രാന്മാരും അഞ്ചുവർഷത്തിലൊരിക്കൽ റോമിലെത്തി വി. പത്രോസിൻെറയും പൗലോസിൻെറയും ശവകുടീരങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കണമെന്നും രൂപതാഭരണത്തെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും നിയമമുണ്ടാക്കി. ഇങ്ങനെയുള്ള സന്ദർശനത്തിനാണ് 'ആദ് ലിമിനാ' സന്ദർശനം എന്നു പറയുന്നത്. ലോകം മുഴുവനേയും റോമനാധിപത്യത്തിനു കീഴിൽ കൊണ്ടുവരാനുള്ള പ്രവണതയാണ് അപ്രധാനമായ ഈ കാര്യങ്ങളിലെല്ലാം പ്രതിഫലിച്ചുകാണുന്നത്. പാശ്ചാത്യസഭയിലെ ഈ ചട്ടങ്ങൾ പിന്നീട് ചില പൗരസ്ത്യസഭകളിലേയ്ക്കും വ്യാപിക്കുന്നതായി കാണാം. ഭാരതത്തിലെ മലബാർ റീത്ത് ഇതിനുദാഹരണമാണ്'' (മുൻഗ്രന്ഥം. പേജ് 460-463).

ഇങ്ങനെ വളർന്നു വികസിച്ച റോമൻ കേന്ദ്രീകരണത്തിന് നൈയാമികവും ഭരണപരവും ആയി രൂപം നല്കുവാൻ 12-ാം നൂററാണ്ടിൽ കാനോൻ നിയമം ക്രോഡീകരിക്കപ്പെട്ടു. ഇതേപ്പററി ഫാ. കൂടപ്പുഴ എഴുതുന്നു:

''സമർത്ഥവും കേന്ദ്രീകൃതവുമായ വ്യവസ്ഥിതിക്ക് ഉപയുക്തമായ ഒരു നിയമസംഹിത രൂപംകൊണ്ടതു് ഇന്നസെൻറ് മൂന്നാമൻെറ (1198-1216)കാലത്താണ്. സഭാചരിത്രകാരനായ ഫിലിപ്പ് ഹ്യൂഗിൻെറ വാക്കുകളിൽ, 'ദൈവശാസ്ത്രം മണ്ണടിഞ്ഞ ഒരു യുഗത്തിൽ കാനൻനിയമം പടർന്നു പുഷ്ടിക്കുന്ന ഒരു കാഴ്ചയായിരുന്നു' അതു്.

ഇന്നസെൻറ് മാർപ്പാപ്പായുടെ കാലത്താണ് നിയമനിർമ്മാണസംബന്ധമായ 3000 എഴുത്തുകളുടെ ഒരു ശേഖരണം നടന്നതു്. അദ്ദേഹത്തിൻെറ അസാധാരണമായ ഈ പ്രവർത്തനം ബൊളോഞ്ഞായിലെ നിയമപണ്ഡിതരെയെല്ലാം

തട്ടിയുണർത്തി. അങ്ങനെ ഇന്നസെൻറ് മാർപ്പാപ്പായുടെ ഭരണകാലത്തുതന്നെ ധാരാളം നിയമങ്ങൾ നിർമ്മിച്ചെടുക്കാൻ സാധിച്ചു. ഈ ശേഖരം (Tertia Compellatio) ആയിരുന്നു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ നിയമസംഹിത. 1209-ൽ പുറത്തിറങ്ങിയ ഈ നിയമഗ്രന്ഥം ബൊളോഞ്ഞായിലെ സർവ്വകലാശാലയിലേക്ക് അയയ്ക്കപ്പെട്ടു. മാർപ്പാപ്പാതന്നെ നിയമപണ്ഡിതന്മാരുടെ ആഴ്ചതോറുമുള്ള യോഗത്തിൽ പങ്കെടുത്തിരുന്നു. അന്നുവരെയുള്ള മാർപ്പാപ്പാമാർ പുലർത്തിപ്പോന്ന അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടതു് ഇന്നസെൻറിൻെറ വാഴ്ച്ക്കാലത്താണ്. മാർപ്പാപ്പാ 'ക്രിസ്തുവിൻെറ വികാരി'യാണെന്ന ആശയം അദ്ദേഹത്തിൻെറ ഭരണകാലം മുതൽ വ്യാപകമായി പ്രചരിച്ചു. താൻ ദൈവത്തേക്കാൾ താണവനും എന്നാൽ മനുഷ്യരേക്കാൾ ഒരുപടി ഉയർന്നവനുമാണെന്ന് ഒരു പ്രസംഗത്തിൽ മാർപ്പാപ്പാ പ്രഖ്യാപിച്ചു! ആ പരമാധികാരത്തിൻെറ പരിപൂർണ്ണമായ വിനിയോഗമായിരുന്നു അദ്ദേഹത്തിൻെറ ഭരണകാലം'' (മുൻഗ്രന്ഥം. പേജ് 464-465).

1215-ലെ നാലാം ലാററൻ കൗൺസിലോടുകൂടി റോമൻ ആധിപത്യം അതിൻെറ ഔന്നത്യത്തിലെത്തി. ''ഈ സൂനഹദോസ് പ്രഖ്യാപിക്കപ്പെട്ടതു് 1213 ഏപ്രിൽ 19-ാം തീയതിയാണ്. കൂടുതൽ സഭകളുടെ പ്രാതിനിധ്യം ഉണ്ടാകുന്നതിനായി മുൻ സൂനഹദോസുകളെയപേക്ഷിച്ച് വളരെ വിപുലമായ തോതിൽ തന്നെ പ്രചരണം നടത്തിയിരുന്നു. അങ്ങനെ 1215 നവംബറിൽ 412 മെത്രാന്മാരുടെയും 800 സന്യാസസഭാധിപന്മാരുടെയും സാന്നിധ്യത്തിൽ കൗൺസിൽ ആരംഭിച്ചു. അലക്സാണ്ഡ്റിയായിലെയും അന്ത്യോക്യായിലെയും പാത്രിയർക്കീസുമാരുടെ പ്രതിനിധികളുമുണ്ടായിരുന്നു. പാശ്ചാത്യസഭയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള പിതാക്കന്മാർ ഇതിൽ പങ്കെടുത്തു. എന്നാൽ പൗരസ്ത്യസഭകളിൽ ഗ്രീക്കുസഭയുടെയും മററു ചില സഭകളുടെയും പ്രതിനിധികളുണ്ടായിരുന്നില്ല. നവംബർ 11-ാം തീയതി ആരംഭിച്ച ഈ കൗൺസിൽ മൂന്നു സമ്മേളനങ്ങളിലായി 70 കാനോനകളാണ് പാസ്സാക്കിയെടുത്തതു്. റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിനു് രൂപംകൊടുക്കുന്നതിനും ഉതകുന്നവയായിരുന്നു ഇതിലെ കാനോനകൾ പലതും'' (മുൻഗ്രന്ഥം. പേജ് 466). കാനോൻ നിയമത്തിൻെറ സൃഷ്ടിയിൽ വളരെയധികം കള്ളരേഖകളെ ആസ്പദമാക്കിയിരുന്നു എന്നു് ഉറച്ച വാദമുണ്ട്. ഹാൻസ് കങ് കാനോൻ നിയമത്തിനു് അടിസ്ഥാനമായ രേഖകളെ സംബന്ധിച്ച് ഇപ്രകാരം എഴുതുന്നു: "The great change, however, came about in conjunction with the Gregorian Reform......The papal teaching authority was now buttressed by the monstrous ninth-century forgery of the Decretals of the Pseudo-Isidore(115)forged documents attributed to the early bishops of Rome from Clement of Rome onwards and 125 documents with interpolations."(Infallible? Page 94) "Gratian, the founder of canon law, wrote his law book which laid the foundation for all that was to follow in later times, including the 1918 Code of Canon Law, quoting 324 passages from popes of the first four centuries, of which 313 are demonstrably forged......These prepositions based on forgeries were then taken over by St. Thomas into his Summa Theologiae,where they really began to make history." (Hans Kung–Infallible? Page 95, 96)

അങ്ങനെ 13-ാം നൂററാണ്ട് ആയപ്പോഴേയ്ക്കും പേപ്പസി അതിൻെറ അധികാരത്തിൻെറ ഉന്നത ശൃംഗങ്ങളിൽ എത്തിച്ചേർന്നു.

III

പേപ്പസിക്കെതിരെ

നസ്രസിലെ തച്ചന്റെ മകനായ യേശുവിന്റെ മുഖ്യവനായ ശിഷ്യൻ പത്രോസിന്റെ പിൻഗാമി യൂറോപ്പിലെ ഏററവും ശക്തനായ ഭരണാധികാരിയായി മാറിയപ്പോൾ ഈ സ്ഥാനത്തിനെതിരെ വളരെയധികം വെല്ലുവിളികൾ ഉയർന്നു. ഈ വെല്ലുവിളികളുടെ കുന്തമുന രണ്ട് വാദഗതികളിൽ ഊന്നിയാണ് നില്പനിന്നത്.

പാശ്ചാത്യ പൗരസ്ത്യവാദം

1. ക്രൈസ്തവസഭയുടെ മൂലക്കല്ലായ ക്രിസ്തുവും പേപ്പസിയുടെ അടിത്തറക്കല്ലായ പത്രോസും മധ്യപൂർവ്വദേശവാസികളായ യഹൂദരായിരുന്നു. ന്യായമായും ആദിമ നൂററാണ്ടുകളിൽ പൗരസ്ത്യദേശത്താണ് ക്രൈസ്തവമതം വികാസം പ്രാപിച്ചത്. ഇററലി ഒഴിച്ചുള്ള ഇതര യൂറോപ്യൻ രാജ്യങ്ങളിൽ ക്രിസ്തുവിനുശേഷം നൂററാണ്ടുകൾ കഴിഞ്ഞാണ് ക്രൈസ്തവമതം പ്രാബല്യത്തിൽ എത്തിയത്. എന്നാൽ മദ്ധ്യപൂർവ്വദേശങ്ങളിൽ വിവിധ പാത്രിയർക്കേററുകളുടെ കീഴിൽ ക്രൈസ്തവർ സംഘടിതരായിരുന്നു. ജെറുശലേം, അന്തോക്യാ, കോൺസ്റ്റാൻറിനോപ്പിൾ, ബാബിലോൺ എന്നിങ്ങനെ വിവിധ പാത്രിയർക്കേററുകളുടെ കീഴിൽ പൗരസ്ത്യക്രിസ്ത്യാനികൾ സംഘടിതരായപ്പോൾ പാശ്ചാത്യസഭയിൽ റോമൻ പാത്രിയർക്കീസിന്റെ (പാപ്പായുടെ) കീഴിൽ ക്രൈസ്തവർ ജീവിച്ചുപോന്നു. മുൻ അദ്ധ്യായത്തിൽ വിവരിച്ചതുപോലെ പാശ്ചാത്യസഭ രാഷ്ട്രീയശക്തിയുടെ പിന്തുണയോടെ കൂടുതൽ കൂടുതൽ ശക്തമായപ്പോൾ അതു് പൗരസ്ത്യ പാത്രിയർക്കേററുകൾക്ക് ഒരു ഭീഷണിയായിത്തീർന്നു. റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയിലെ പാത്രിയർക്കീസ് എന്ന നിലയിൽ മാർപ്പാപ്പാക്ക് പാത്രിയർക്കാമാരിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നെങ്കിലും (രണ്ടാം സ്ഥാനം പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ കേന്ദ്രമായ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിനായിരുന്നു.) പൗരസ്ത്യസഭകളുടെ മേൽ അധികാരം ഉണ്ടായിരുന്നില്ല. അധികാരപരമായ ഈ വടംവലി ഒൻപതാം നൂററാണ്ടിൽ പാശ്ചാത്യസഭയും പൗരസ്ത്യസഭയും തമ്മിലുള്ള ഭിന്നതയിൽ അവസാനിച്ചു.

ഈ ഭിന്നതയുടെ പിമ്പിൽ പ്രവർത്തിച്ചിരുന്നത് റോമൻ ചക്രവർത്തിമാരായിരുന്നു. അന്നത്തെ ചക്രവർത്തിനിയായിരുന്ന തെയഡോറായുടെ(842-856)സഹോദരൻ ബർദാസ് കിരീടാവകാശിയായിരുന്ന മൈക്കിൾ മൂന്നാമനെ വശീകരിക്കുകയും സ്വസഹോദരിക്കെതിരെ ഗൂഢാലോചന നടത്തുകയും ചെയ്തു. അന്നു പാത്രിയർക്കീസായിരുന്ന ഇഗ്നേഷ്യസ്, ബർദാസിന്റെ പ്രവർത്തികളെ എതിർക്കുകയും തെയഡോറാ ചക്രവർത്തിനിക്ക് പിന്തുണ നൽകുകയും ചെയ്തു. എന്നാൽ, ഈ അധികാരസമരത്തിൽ തെയഡോറാ പരാജയപ്പെട്ടു. മൈക്കിൾ ചക്രവർത്തി ഇഗ്നേഷ്യസ് പാത്രിയർക്കീസിനെ അധികാരത്തിൽനിന്നു പുറന്തള്ളുകയും ഫോസിയസ്സിനെ പാത്രിയർക്കീസായി നിയമിക്കുകയും

ചെയ്തു. സ്ഥാനഭ്രഷ്ടനായ ഇഗ്നേഷ്യസ് റോമൻ മാർപ്പാപ്പായുടെ പിന്തുണ ചോദിക്കുകയും ഇഗ്നേഷ്യസ് പാത്രിയർക്കീസിന്റെ സ്വാധീനത്തിൽപ്പെട്ട് നിക്കോളാസ് മാർപ്പാപ്പാ 863-ൽ ഒരു സിനഡ് വിളിച്ചുകൂട്ടി ഫോസിയസ്സിനെ ശപിച്ച് സഭാഭ്രഷ്ടനാക്കി. ഈ സംഭവം പാശ്ചാത്യസഭയേയും പൗരസ്ത്യസഭയേയും തമ്മിൽ ഭിന്നിപ്പിച്ചു.

മൈക്കിൾ ചക്രവത്തിയുടെ പിൻഗാമിയായ ബേസിൽ ഒന്നാമൻ (867-886)റോമായോടു കൂറുള്ളവനായിരുന്നു. റോമിന്റെ താല്പര്യപ്രകാരം ഫോസിയസ്സിനെക്കൊണ്ട് പാത്രിയർക്കാ സ്ഥാനം രാജിവയ്പിക്കുകയും വീണ്ടും മുൻ പാത്രിയർക്കീസ് ഇഗ്നേഷ്യസിനെ പാത്രിയർക്കീസായി പ്രഖ്യാപിക്കുകയും ചെയ്തു. എങ്കിലും ഇഗ്നേഷ്യസ് പാത്രിയർക്കീസായി വീണ്ടും വാഴിക്കപ്പെടുന്നതിനു മുമ്പ് മരണമടയുകയും ഫോസിയസ്സ് തന്നെ പാത്രിയർക്കീസായി തുടരുകയും ചെയ്തു. ഫോസിയസ്സ് റോമൻ പാപ്പായെ അനുസരിക്കാൻ തയ്യാറായെങ്കിലും 886-ൽ ലെയൊ ആറാമൻ മാർപ്പാപ്പായായ ഫോസിയസ്സിനെ സ്ഥാനഭ്രഷ്ടനാക്കി ലെയോയുടെ ഇളയ അനുജനായ സ്റ്റീഫനെ പാത്രിയർക്കീസായി അവരോധിച്ചു. ഫോസിയസ്സിനെക്കുറിച്ച് ഡോ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: ''അധികാരത്തിനുള്ള ആഗ്രഹത്താലും വിധേയത്വക്കുറവിനാലും ഒരു വലിയ ശീശ്മക്കാരൻ എന്നാണ് പാശ്ചാത്യർക്ക് ഫോസിയസിനെപ്പററിയുള്ള അഭിപ്രായം. എന്നാൽ പൗരസ്ത്യരുടെ അഭിപ്രായം നേരെ മറിച്ചാണ്. റോമിന്റെ അധികാരമത്തതയ്ക്കും കയ്യേററങ്ങൾക്കുമെതിരേ കിഴക്കിന്റെ സ്വാതന്ത്ര്യം സംരക്ഷിച്ച ധീരനേതാവാണ് അവരുടെ ദൃഷ്ടിയിൽ ഫോസിയസ്. മദ്ധ്യകാലഘട്ടങ്ങളിലെ മഹാന്മാരിൽ ഒരുവനായിരുന്നു അദ്ദേഹം; സഭാചരിത്രത്തിൽ എക്കാലത്തും ഉയർന്നു നിൽക്കുന്ന ഒരു മഹാപ്രതാപവാനും. ഫോസിയസ് തന്റെ കാലഘട്ടത്തിലെ സുപ്രസിദ്ധ പണ്ഡിതനും വ്യക്തിപരമായ ജീവിതത്തിൽ യാതൊരു കളങ്കവുമില്ലാത്തവനും ആയിരുന്നു. 'സമൃദ്ധമായ വിശുദ്ധിയും ലോകോത്തരമായ ജ്ഞാനവുമുള്ള ഒരാൾ' എന്നാണ് പ്രതിയോഗിയായ പോപ്പ് നിക്കോളാസ് പോലും ഫോസിയസിനെ വിശേഷിപ്പിച്ചിട്ടുള്ളത്. എന്തൊക്കെയായാലും ഫോസിയസ് ഉന്നയിച്ച പ്രശ്നങ്ങൾ സാർവ്വത്രികസഭയിൽ വളരെ പ്രത്യാഘാതം ഉളവാക്കി. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ഭിന്നതയ്ക്ക് സ്ഥൂലരൂപം നൽകുന്ന ഒന്നായിരുന്നു അതു്. പാശ്ചാത്യസഭയുടെ വർദ്ധിച്ചുവന്ന പ്രതാപവും പൗരസ്ത്യസഭകളുടെ പരമ്പരാഗതമായ സ്വയംഭരണാവകാശവും തമ്മിലുള്ള ഉരസലുകളാണിവിടെ ദൃശ്യമാകുക. മാർപ്പാപ്പാക്ക് രാഷ്ട്രീയമായി കൈവന്ന നേട്ടങ്ങളും പൗരസ്ത്യർക്ക് മുഹമ്മദീയരിൽനിന്നു തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന കനത്ത ആക്രമണങ്ങളാണ് ഇതിന്റെ പശ്ചാത്തലം'' (തിരുസഭാചരിത്രം, ഫാ. കൂടപ്പുഴ: പേജ് 365-366).

ഈ സംഘർഷത്തെ തുടന്ന് പിന്നീട് റോമിന്റെ അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് പൗരസ്ത്യഓർത്തഡോക്സ് സഭ രൂപംകൊണ്ടു. അങ്ങനെ അധികാരപരമായി പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും ഉള്ള വിഭജനം ക്രൈസ്തവസഭയിൽ വന്നുചേരുകയും പാശ്ചാത്യസഭ പൂർണ്ണമായും റോമൻ മാർപ്പാപ്പായുടെ അധികാരം അംഗീകരിക്കുകയും ചെയ്തു.

റോമാസഭയോടൊപ്പംതന്നെ സ്ഥാനം തങ്ങൾക്കും ഉണ്ടെന്നും റോമൻസഭയ്ക്കു പ്രത്യേക പ്രാധാന്യം റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനം എന്ന നിലയിൽ മാത്രമായിരുന്നെന്നും പൗരസ്ത്യർ വാദിച്ചു. കാൽസിഡോണിയൻ കൗൺസിൽ (A. D. 451) 28-ാം കനോനിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''പരിശുദ്ധ

പിതാക്കന്മാരുടെ തീരുമാനങ്ങൾ അനുസരിച്ചും, ഇപ്പോൾ വായിച്ച 150 മെത്രാന്മാരുടെ കാനോന അനുസരിച്ചും, പുതിയ റോമായായ കോൺസ്റ്റാൻറിനോപ്പിൾ സഭയുടെ പാരമ്പര്യങ്ങളെ ബഹുമാനിച്ചുകൊണ്ട് ഞങ്ങൾ പ്രഖ്യാപിക്കുന്നു: '.........അതേ കാരണങ്ങൾകൊണ്ടുതന്നെ പുതിയ റോമായ്ക്കും ഇവിടെ കൂടിയിരിക്കുന്ന 150 മെത്രാന്മാർ തുല്യ അവകാശങ്ങൾ നല്കി. കാരണം പുതിയ റോമായ്ക്ക് സാമ്രാജ്യത്തിൽ തുല്യ അവകാശങ്ങൾ ഉണ്ട്; സഭാകാര്യങ്ങളിലും ഈ അവകാശങ്ങൾ ഉണ്ടായിരിക്കണം; കാരണം റോമാ കഴിഞ്ഞാൽ അടുത്ത സ്ഥാനം അവൾക്കാണ്...'' (മുൻഗ്രന്ഥം. പേജ് 263).

നേരത്തെതന്നെ കോൺസ്റ്റാൻറിനോപ്പിൾ കൗൺസിലിൽവച്ച് A. D. 381-ൽ ഇങ്ങനെ ഒരു തീരുമാനമെടുത്തിരുന്നു: ''കോൺസ്റ്റാൻറിനോപ്പിൾ 'പുതിയ റോമാ' (New Rome) ആയതുകൊണ്ട് അവിടുത്തെ മെത്രാന് റോമായിലെ മെത്രാൻ കഴിഞ്ഞാൽ അടുത്ത സ്ഥാനമുണ്ടായിരിക്കും.'' (മുൻഗ്രന്ഥം, പേജ്. 263).

ഈ രണ്ടു കൗൺസിലുകളും സഭയുടെ സാർവ്വത്രിക സൂനഹദോസുകൾ എന്നാണ് അറിയപ്പെടുന്നത്. അപ്പോൾ റോമിലെ മെത്രാനെ സാമ്രാജ്യ തലസ്ഥാനമെത്രാൻ എന്നുള്ള ഔന്നത്യത്തിനപ്പുറം ആകമാനസഭയെ ഭരിക്കാനുള്ള അവകാശം ആദിമനൂററാണ്ടുകളിൽ ഉണ്ടായിരുന്നില്ല എന്ന് പൗരസ്ത്യസഭകൾ വാദിച്ചു. മാർപ്പാപ്പാ എന്ന പേരുതന്നെ ഉപയോഗിക്കാനുള്ള അവകാശം ആദ്യമായി സംവരണം ചെയ്തത് അലക്സാണ്ട്റിയായിലെ പാത്രിയർക്കീസായിരുന്നു (Sacramentum Mundi; Vol. 5, Karl Rahnar page. 40. തർജ്ജമ സ്വന്തം). പേപ്പൽ സംസ്ഥാനങ്ങളുടെ സ്ഥാപനത്തോടുകൂടി രാജകീയ പദവി ആർജ്ജിച്ച റോമായിലെ മെത്രാൻ യൂറോപ്പിലെ രാജാക്കന്മാരുടെ പിന്തുണയോടുകൂടി രാഷ്ട്രീയ ശൈലിയിൽ അധികാരം ഉറപ്പിക്കുന്നതിന് പരിശ്രമിക്കുകയായിരുന്നു എന്നായിരുന്നു പൗരസ്ത്യസഭയുടെ വാദം.

2. 8-ാം നൂററാണ്ടിൽ രാഷ്ട്രീയാധികാരംകൂടി കൈവന്നതോടുകൂടി മാർപ്പാപ്പാമാരുടെ ജീവിതശൈലിക്ക് മാററം ഉണ്ടായി. റോമൻ ചക്രവർത്തിമാരെ തെരഞ്ഞെടുക്കുന്നതിൽ പ്രഭുക്കന്മാർ തമ്മിൽ നടത്തിയ യുദ്ധങ്ങളെയും അതിക്രമങ്ങളെയും കലാപങ്ങളെയും ഓർമ്മിപ്പിക്കുന്ന മട്ടിൽ പാപ്പാധികാരത്തിനുവേണ്ടി പ്രഭുക്കന്മാർ പരസ്പരം മത്സരിക്കാൻ തുടങ്ങി. ഫാ. കൂടപ്പുഴ എഴുതുന്നു: ''ചാർലിമെയിൻസാമ്രാജ്യത്തിൻെറ അധഃപതനത്തോടെ കലീനവംശജരായ കുറെപ്പേർ സഭാധികാരികളുടെ സഹായം സ്വീകരിച്ച് അധികാരം പിടിച്ചുപററാൻ ശ്രമിച്ചു. മാർപ്പാപ്പായുടെ സ്ഥാനത്തിന് ഏറെപ്പേർ നോട്ടമിട്ടു. ആദർശങ്ങളുടെ കാവൽഭടന്മാരായിരിക്കേണ്ടിയിരുന്ന മാർപ്പാപ്പാമാരുടെ ജീവിതം പരാജയങ്ങളിൽനിന്നും വിമുക്തമായിരുന്നില്ല. 867 നും 1048 നും ഇടയ്ക്ക് സഭാസാരഥ്യം വഹിച്ച 44 പാപ്പാമാരിൽ ഒമ്പതുപേർ ആക്രമണത്തിൽ കൊല്ലപ്പെട്ടു. വിഷം കൊണ്ട് രണ്ടുപേർ മരിച്ചു. നാലുപേർ കൊലപാതകത്തിനു വിധേയരായി. ഒരാളെ കഴുത്തുഞെരിച്ചുകൊന്നു. മററു രണ്ടുപേർ സംശയാസ്പദമായ സാഹചര്യത്തിലാണ് മരണമടഞ്ഞത്. ഈ വസ്തുതകൾ അന്നത്തെ ധാർമ്മികനിലവാരം വ്യക്തമാക്കാൻ ഉപകരിക്കും'' (തിരുസ്സഭാചരിത്രം; പേജ് 348-49).

മാർപ്പാപ്പാമാരുടെ അധാർമ്മികജീവിതം യഥാർത്ഥ ക്രൈസ്തവവിശ്വാസികളെ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഭൗതികഭരണതലങ്ങളിലും കൊട്ടാരങ്ങളിൽ

പോലും അസുലഭമായി കണ്ടെത്താവുന്ന അസാന്മാർഗ്ഗികതയുടേയും ക്രൂരതയുടെയും അരങ്ങായി പേപ്പൽ കൊട്ടാരം അധഃപതിച്ചു. യൂറോപ്പിലെ രാജകിരീടങ്ങൾക്ക് അധാർമ്മികപിന്തുണ നല്കുന്നതിൽ മാർപ്പാപ്പാമാർ കാണിച്ച ഔദാര്യം അവർക്കുതന്നെ കെണിയായി തീർന്നു. സ്പൊളേറേറായിലെ ലാമ്പർട്ട പ്രഭുവിനെ ചക്രവർത്തിയായി പോപ്പ് ഫൊർമോസുസ്(891-96) അവരോധിച്ചു. അതേസമയം തന്നെ ജർമ്മനിയിലെ അർനൾഫ് രാജാവിനെയും യാതൊരു സങ്കോചവും കൂടാതെ മാർപ്പാപ്പാ ചക്രവർത്തിയായി അംഗീകരിച്ചു. അത് ഈ രണ്ടു ചക്രവർത്തിമാരും പരസ്പരം ഏററുമുട്ടാൻ പശ്ചാത്തലമൊരുക്കി. ജർമ്മൻ രാജാവിനെ ചക്രവർത്തിയായി പ്രഖ്യാപിച്ചതിൽ ക്ഷുഭിതനായ ലാമ്പർട്ട് രാജാവ് റോം ആക്രമിച്ചു. അപ്പോഴേയ്ക്കും ഫൊർമോസുസ് മാർപ്പാപ്പാ നിര്യാതനായിരുന്നു. ഈ മാർപ്പാപ്പായുടെ എതിർഗ്രൂപ്പിൽപ്പെട്ട സ്റ്റീഫൻ ഏഴാമനെ മാർപ്പാപ്പാ ആയി അവരോധിച്ചു. മരണമടഞ്ഞ ഫൊർമോസുസ് മാർപ്പാപ്പായെ ലോകചരിത്രത്തിൽ ഇതിനു മുൻപോ പിൻപോ കേട്ടിട്ടില്ലാത്ത വിധം വിചാരണയ്ക്ക് വിധേയനാക്കി. എട്ടുമാസം മുൻപ് മരിച്ചടക്കപ്പെട്ട ഫൊർമോസുസിൻെറ ശവശരീരം മാന്തിയെടുത്ത് മാർപ്പാപ്പായുടെ വസ്ത്രങ്ങൾ ധരിപ്പിച്ച് കൗൺസിൽ ചേംബറിൽ പാപ്പായുടെ സിംഹാസനത്തിൽ ഇരുത്തി. ഇതിനുശേഷം വിസ്താരം ആരംഭിച്ചു. സ്റ്റീഫൻ മാർപ്പാപ്പാ തന്നെ ഈ പ്രേതവിസ്താരം നടത്തി. ഈ സൂനഹദോസിൽ വച്ച് ഫൊർമോസുസ് മാർപ്പാപ്പായെ ശപിച്ചു. ഇതിനുശേഷം സ്ഥാനവസ്ത്രങ്ങളെല്ലാം അഴിച്ചുമാററി മാർപ്പാപ്പാ എന്ന നിലയിൽ അനുഗ്രഹിക്കുന്നതിന് ഉയർത്തിയ വലതുകൈയിലെ മൂന്നു വിരലുകൾ ഛേദിച്ചു. പിന്നീട് മൃതദേഹം കൊട്ടാരത്തിലൂടെ വലിച്ചിഴച്ച് തെരുവിൽ തിങ്ങിക്കൂടിയിരുന്ന ജനങ്ങളുടെ മദ്ധ്യത്തിലേക്ക് എറിഞ്ഞു. അവർ അതിനെ അവിടെനിന്നു വലിച്ച് ടൈബർ നദിയിൽ എറിഞ്ഞു. ഇങ്ങനെ സ്റ്റീഫൻ മാർപ്പാപ്പാ തൻെറ മുൻഗാമിയോട് പ്രതികാരം ചെയ്തു. എന്നാൽ ആ വർഷം തന്നെ എതിരാളികൾ സ്റ്റീഫൻ മാർപ്പാപ്പായെ കഴുത്തു ഞെരിച്ചു കൊന്നു. തുടർന്ന് സ്റ്റീഫൻ മാർപ്പാപ്പായുടെ പിന്തുണക്കാരനായ കാർഡിനൽ സെർജിയൂസ്സ് മാർപ്പാപ്പാ ആയി സ്ഥാനം ഏററു. അതുകൊണ്ടും പ്രശ്നം അവസാനിച്ചില്ല. എതിർഗ്രൂപ്പുകാർ സെർജിയൂസ്സിനെ റോമിൽനിന്നും ആട്ടിപ്പായിച്ചു. ആറുകൊല്ലത്തിനിടയിൽ ഏഴുപേർ പാപ്പാ സ്ഥാനം കൈയാളി (ഇവരിൽ പലരും എതിർപാപ്പാമാരായാണ് അറിയപ്പെടുന്നത്). ഏഴാംകൊല്ലം പ്രഭുക്കന്മാരുടെ പിന്തുണയോടെ സെർജിയൂസ്സ് തിരിച്ചെത്തി റോമാ കൈവശപ്പെടുത്തി. ഈ കാലഘട്ടത്തെക്കുറിച്ച് കത്തോലിക്കാ ചരിത്രകാരനായ തോമസ് നീലും റെയ്മണ്ട് ഷ്മാൻറും ഇങ്ങനെ എഴുതുന്നു: (Thomas P. Neill & Ramond H. Schmandt, —History of the Catholic Church Milwaukee, 1957-P P 168-170). ''ഒരു എതിർപാപ്പാ ആയിരുന്ന ക്രിസ്റ്റഫർ മാർപ്പാപ്പാ, ലിയോ 5-ാമനെ ജയിലിൽ അടച്ചു. സെർജിയൂസ്സ് മൂന്നാമൻ മാർപ്പാപ്പാ (904-911) ക്രിസ്റ്റഫറിനെ ലിയോ മാർപ്പാപ്പായോടൊപ്പം കൽത്തുറുങ്കിലാക്കി. തുടർന്ന് അവരോടുള്ള ദയമൂലം രണ്ടുപേരെയും വധിച്ചു. സെർജിയൂസ്സ്, ഫൊർമോസുസ് മാർപ്പാപ്പായുടെ എതിർഗ്രൂപ്പുകാരനായിരുന്നു. പഴയ മുറിവുകൾ ഉണങ്ങാൻ അനുവദിച്ചുമില്ല.

ഈ വഴക്കുകൾക്കിടയിൽ സമ്പന്നരും പേപ്പൽ അധികാരിയും സെനററുമായ തിയോഫിലാക്റ്റ് അധികാരം കടന്നെടുത്തു. ഇയാളും ഭാര്യ തെയഡോറായും രണ്ടു പെൺമക്കളായ തെയഡോറായും മരോസ്സിയായും ചേർന്ന് രണ്ടു തലമുറ റോമിൽ ആധിപത്യം സ്ഥാപിച്ചു. മരോസ്സിയാ, അവളുടെ സൗന്ദര്യംകൊണ്ട്

സെർജിയൂസ്സ് മാർപ്പാപ്പായെ കീഴടക്കി ആ കുടുംബത്തിൻെറ അധികാരം ഉറപ്പിച്ചു. ജോൺ 10-ാമൻ മാർപ്പാപ്പാ(914-922) തൻെറ സ്ഥാനാരോഹണത്തിനു് തിയോഫിലാക്ക് കുടുംബത്തോട് കടപ്പെട്ടിരിക്കുന്നു. ഇദ്ദേഹം പ്രവർത്തനനിരതനായിരുന്നു. സരാസ്സൻമാർക്കു് എതിരായി സ്വയം പട്ടാളക്കാരെ നയിച്ചു് വിജയം നേടി. ജർമ്മനിയിലും ഫ്രാൻസിലും അധികാരം ഉറപ്പിച്ചു. മറോസ്സിയായുടെയും സെർജിയൂസ്സ് മാർപ്പാപ്പായുടെയും പുത്രനായ ജോൺ 11-ാമൻ മാർപ്പാപ്പാ (931-935) റോമിലെ ഭരണത്തിൻെറ കടിഞ്ഞാൺ തൻെറ അമ്മയ്ക്കു് പൂർണ്ണമായും വിട്ടുകൊടുത്തു. എന്നാൽ പോപ്പിൻെറ സഹോദരൻ ആൽബറിക്ക് അധികാരം പിടിച്ചടക്കി. പ്രഭു ഇരുപതു കൊല്ലക്കാലം റോമിൽ ശക്തമായ ഒരു ഭരണം നൽകിയെങ്കിലും തുടർച്ചയായി അഞ്ചു മാർപ്പാപ്പാമാരെ നേരിട്ടുതന്നെ ഇയാൾ നിയമിച്ചു. ആൽബറിക്കിൻെറ സുഹൃത്തായ ക്രൂഡിയിലെ വി. ഓദോയുടെ പ്രേരണയിൽ ആദ്ധ്യാത്മിക നവീകരണത്തിനുള്ള വ്യഗ്രത, റോമിൽ ഉണ്ടായി. നിർഭാഗ്യവശാൽ തൻെറ മരണക്കിടക്കയിൽ വച്ചു് ആൽബറിക്ക് തൻെറ പുത്രനെ മാർപ്പാപ്പാ ആയി പേരു നിർദ്ദേശിച്ചു—ജോൺ 12 (955-64). ഈ പാപ്പായോടൊപ്പം മാർപ്പാപ്പാമാരുടെ ചരിത്രവും ഏററവും താഴ്ന്ന നിരയിലേക്കു് അധ:പതിച്ചു. ഇരുപതു വയസ്സുപോലും ആകാതിരുന്ന ജോൺ മാർപ്പാപ്പാ വൈവിദ്ധ്യമാർന്ന ജീവിതസുഖങ്ങൾക്കായി സ്വയം പൂർണ്ണമായും അർപ്പിച്ചു.

12 വയസ്സിനും 20 വയസ്സിനും മദ്ധ്യേ പ്രായമുണ്ടെന്നു കരുതപ്പെടുന്ന 9-ാമൻ ബനഡിക്ട് മാർപ്പാപ്പാ (1032-1044) സുഖഭോഗങ്ങളിലേയ്ക്കു് ആഴ്ന്നിറങ്ങി. റോമാക്കാർക്കുപോലും ഇതു് സഹിക്കാൻ കഴിഞ്ഞില്ല. 1044-ൽ പോപ്പിനെതിരായി ക്രെസന്തി കലാപക്കൊടി ഉയർത്തുകയും സിൽവസ്റ്റർ 3-ാമനെ മാർപ്പാപ്പാ ആയി ലാററൻ കൊട്ടാരത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ടസ്കുന്നിയുടെ ബന്ധുക്കൾ ബനഡിക്ട് മാർപ്പാപ്പായുടെ സ്ഥാനം തിരിച്ചുപിടിച്ചു് ബനഡിക്ടിനു് കൊടുത്തെങ്കിലും സമാധാനവും സുഖഭോഗവും ആഗ്രഹിച്ചിരുന്ന അദ്ദേഹം തൻെറ തലതൊട്ടപ്പനിൽനിന്നും പണം വാങ്ങി സ്ഥാനം വിട്ടുകൊടുത്തു. അങ്ങനെ സ്ഥാനം ലഭിച്ച ഗ്രിഗറി 6-ാമൻ പണം കൊടുത്തു് സ്ഥാനം വാങ്ങിയതൊഴിച്ചാൽ വളരെ ചീത്തയൊന്നുമായിരുന്നില്ല. (പണം കൊടുത്താണു് പാപ്പാസ്ഥാനം വാങ്ങിയതെന്നു് പരസ്യമായിരുന്നില്ല). ബനഡിക്ട് കുറഞ്ഞൊരു കാലംകൊണ്ടു് തൻെറ സ്വസ്ഥജീവിതം മടുത്തു. പാപ്പാ സ്ഥാനം തിരിച്ചു ചോദിച്ചു. പാപ്പാസ്ഥാനത്തിനുവേണ്ടി നടന്ന ഈ കച്ചവടത്തെപ്പററി ചക്രവർത്തി ഒന്നും അറിഞ്ഞിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം 1046-ൽ വമ്പിച്ച സന്നാഹവുമായി ഇററലിയിലെത്തി. പുരോഹിതരുടെ ഒരു സുനഹദോസു വിളിച്ചുകൂട്ടി എല്ലാ മാർപ്പാപ്പാമാരെയും സ്ഥാനഭ്രഷ്ടരാക്കി ജർമ്മൻകാരനായ ക്ലമൻറ് രണ്ടാമനെ മാർപ്പാപ്പാ ആയി പ്രഖ്യാപിച്ചു.''

മാർപ്പാപ്പാമാരെ അക്കാലഘട്ടങ്ങളിൽ തെരഞ്ഞെടുത്തിരുന്നതു് സ്വാധീനശക്തിയുള്ള രാജാക്കന്മാരായിരുന്നു. പോപ്പ് ഊർബൻ ആറാമൻെറ തെരഞ്ഞെടുപ്പുസംബന്ധിച്ചു് അരങ്ങേറിയ നാടകം ഫാ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: 1378 മാർച്ചുമാസം 27-ാം തീയതി പോപ്പ് ഗ്രിഗറി പത്താമൻ ചരമമടഞ്ഞു. സഭാനിയമപ്രകാരം പത്തുദിവസങ്ങൾക്കുശേഷം റോമിലെ പതിനാറു് കർദ്ദിനാളന്മാർ പുതിയ ഒരു പാപ്പായെ തെരഞ്ഞെടുക്കുന്നതിനായി ഒരുമിച്ചുകൂടി. അവരിൽ പതിനൊന്നുപേർ ഇററലിക്കാരും നാലുപേർ ഫ്രഞ്ചുകാരും ഒരാൾ സ്പെയിൻകാരനുമായിരുന്നു: വിജയത്തിനാവശ്യമായ മൂന്നിൽ രണ്ടുഭാഗത്തിൻെറ ഭൂരിപക്ഷത്തെ ഫ്രഞ്ചുകാർ നിയന്ത്രിച്ചിരുന്നു. എന്നാൽ പ്രതീക്ഷയ്ക്കു്

വകയില്ലാത്തവിധം വഴങ്ങാത്ത രണ്ടു വിഭാഗമായി കർദ്ദിനാളന്മാർ ചേരിതിരിഞ്ഞു. ഗ്രിഗറിയുടെ മരണാനന്തരം ഉടൻതന്നെ ഫ്രഞ്ചുകാരനല്ലാത്ത ഒരാളെ പാപ്പായായി അവരുടെ ഇടയിൽനിന്നു തെരഞ്ഞെടുക്കുവാൻ വോട്ടറന്മാരെ ഇററലിക്കാർ പ്രേരിപ്പിച്ചിരുന്നു. കോൺക്ലേവിനുമുമ്പു തന്നെ അപ്രകാരമൊരു തീരുമാനത്തിൽ കർദ്ദിനാളന്മാർ എത്തിച്ചേർന്നിരുന്നുവത്രേ!

തെരഞ്ഞെടുപ്പിനായി ഏപ്രിൽ ഏഴാം തീയതി വൈകുന്നേരം കർദ്ദിനാളന്മാർ റോമിൽവന്ന അവസരത്തിൽ 'ഒരു റോമൻ പാപ്പാ അല്ലെങ്കിൽ കുറഞ്ഞപക്ഷം ഒരിററാലിയൻപാപ്പാ' എന്നു് ആവേശപൂർവ്വം ആർത്തുവിളിക്കുന്ന ഒരു വലിയ ജനക്കൂട്ടം അവരെ നേരിട്ടു. എഴുപതു വർഷങ്ങൾക്കുശേഷം പാപ്പാഭരണം തിരികെക്കിട്ടിയതോടെ, ഇനിയും അവിഞ്ഞോണിലേയ്ക്കു് തിരികെപ്പോകുമോ എന്ന ഭയത്താൽ ഫ്രഞ്ചുകാരനായ പാപ്പായെ വേണ്ട എന്നു് റോമൻജനത ആഗ്രഹിച്ചിരുന്നു. അതിൻെറ ബാഹ്യപ്രകടനമെന്നോണം കോൺക്ലേവുസമയം മുഴുവൻ റോമൻജനം നാലുപാടും ചുററിത്തിരിയുകയും പാപ്പായുടെ പ്രത്യേക മുറിയിൽനിന്നു് വെടിപൊട്ടിക്കുകയും ഒരു റോമൻപാപ്പായ്ക്കുവേണ്ടി ശബ്ദമുയർത്തുകയും ചെയ്തു. അനന്തരം ജനക്കൂട്ടം തെരഞ്ഞെടുപ്പിൻെറ സമ്മേളനസ്ഥലമായ കോൺക്ലേവിലേക്കു നുഴഞ്ഞുകയറി. എട്ടാം തീയതി വൈകുന്നേരം കാവൽക്കാരെയെല്ലാം തള്ളിനീക്കിക്കൊണ്ടു് കോൺക്ലേവിനുള്ളിൽത്തന്നെ പ്രവേശിക്കുന്നതിൽ അവർ വിജയിച്ചു. ആസന്നമായിരിക്കുന്ന അപകടം മനസ്സിലാക്കിയ കർദ്ദിനാളന്മാർ താമസംവിനാ റോമിലെ ഏററവും പ്രായംകൂടിയ ഒരു കർദ്ദിനാളിനെ പാപ്പായുടെ വേഷമണിയിച്ചു് ജനങ്ങളുടെ മുമ്പിൽ ഹാജരാക്കി. ക്ഷുഭിതരായ ജനങ്ങളെ ശാന്തരാക്കുന്നതിനും, അങ്ങനെ അപകീർത്തിയിൽനിന്നും അപകടത്തിൽനിന്നും രക്ഷപ്പെടുന്നതിനുംവേണ്ടിയുള്ള ഒരുപായം മാത്രമായിരുന്നു അതു്. കുഴപ്പങ്ങൾക്കിടയിൽ കർദ്ദിനാളന്മാർ ചിതറിക്കപ്പെട്ടു. പ്രാണരക്ഷാർത്ഥം ചിലർ പട്ടണങ്ങളിൽ ഒളിച്ചു. മററു ചിലർ വി. ആഞ്ചെലോയുടെ കോട്ടയിലുള്ള മാർപ്പാപ്പായുടെ സങ്കേതത്തിൽ അഭയംതേടി. എന്തെന്നാൽ, ജനങ്ങളുടെ അഭിലാഷങ്ങൾക്കു് അവർ പൂർണ്ണമായും വഴങ്ങിയിരുന്നില്ല. നേപ്പിൾസുകാരനായ ബർത്തലോമിയോ പ്രിഞ്ഞാനോയെ (Bartholomeo Prignano) പാപ്പായായി അവർ ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരുന്നു. ബാരിയിലെ(Bari) ആർച്ചുബിഷപ്പായിരുന്ന അദ്ദേഹം1378 ഏപ്രിൽ 8-ാം തീയതി ഊർബൻ ആറാമൻ (Urban VI) എന്ന നാമം സ്വീകരിച്ചു പാപ്പാസ്ഥാനം ഏറെറടുത്തു.''

''കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തം മെയ് അവസാനത്തോടുകൂടി റോമാവിട്ട കത്ദ്ദിനാളന്മാർ ക്രമേണ അനാനി(Anagni)യായിൽ ഒരുമിച്ചുകൂടി. ഊർബൻ ആറാമൻ ശരിയായ ഒരു പാപ്പായല്ലെന്നും റോമൻ ജനക്കൂട്ടത്തിൽനിന്നുള്ള ഭയം നിമിത്തം മാത്രമാണു് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതെന്നും ലോകത്തെ അറിയിച്ചുകൊണ്ടു് ആഗസ്റ്റ് രണ്ടു് എന്ന വ്യാജത്തീയതിവച്ചു് ഒരു പ്രകടനപത്രിക അവർ ഇറക്കി. ഊർബൻ പാപ്പായോടു് സ്ഥാനത്യാഗം ചെയ്യാൻ ആവശ്യപ്പെട്ടിട്ടും അദ്ദേഹം വിസമ്മതിച്ചതിനാൽ, കർദ്ദിനാളന്മാർ കോൺക്ലേവുകൂടി സെപ്റ്റംബർ ഇരുപതാം തീയതി ഫ്രഞ്ചുകാരനായ റോബർട്ട് കർദ്ദിനാളിനെ (Cardinal Robert of Geneva) പാപ്പായായി തെരഞ്ഞെടുത്തു. അദ്ദേഹം ക്ലെമൻറ് സപ്തമൻ (Clement VII) എന്ന നാമധേയവും സ്വീകരിച്ചു. എന്നാൽ ഊർബൻ മാപ്പ്പാപ്പാ കത്ദ്ദിനാളന്മാരുടെ പുതിയ സംഘം സ്ഥാപിച്ചു് ക്ലെമൻറിനേയും അദ്ദേഹത്തിൻെറ അനുയായികളെയും മഹറോൻ ചൊല്ലി. ക്ലെമൻറും അതേ നാണയത്തിൽത്തന്നെ മടക്കിക്കൊടുത്തു. അങ്ങനെയാണു് പാശ്ചാത്യ

ശീശ്മയുടെ ആരംഭം. ഊർബൻ ആറാമൻ നിയമാനുസൃതമായ പാപ്പായായിരുന്നുവെന്ന് ചരിത്രകാരന്മാർ പൊതുവേ യോജിക്കുന്നു. ഈ അഭിപ്രായത്തെ പ്രബലപ്പെടുത്തുവാൻ വളരെയധികം തെളിവുകൾ വെളിച്ചത്തുകൊണ്ടുവരികയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുപ്പ് അസാധുവായിരുന്നുവെങ്കിൽത്തന്നെയും പൊതുപരിപാടികളിലും രഹസ്യകത്തിടപാടുകളിലും കർദ്ദിനാളന്മാർ പാപ്പായെ അംഗീകരിക്കുകയും അദ്ദേഹത്തിൽനിന്ന് അംഗീകാരവും ആനുകൂല്യങ്ങളും സ്വീകരിക്കുകയും ചെയ്തുവെന്ന വസ്തുത ഇപ്പറഞ്ഞതിനെ അരക്കിട്ടുറപ്പിക്കുകയത്രേ ചെയ്യുന്നത്. എന്നാൽ സമകാലീനർക്കു ലഭിക്കാതിരുന്ന പല തെളിവുകളും ഇന്ന് ലഭ്യമാണ്. മൂന്നു മാസങ്ങൾക്കുശേഷം ഊർബനെ ഏകകണ്ഠമായി നിരാകരിച്ചതായി മാത്രമേ അവർ അറിഞ്ഞിരുന്നുള്ളു. ഓരോ പാപ്പായും തന്റെ ഭാഗം ഏററം ബോദ്ധ്യമാകത്തക്കവണ്ണം വാദിച്ചു. കൂടാതെ യൂറോപ്പിലെ പ്രത്യേക രാഷ്ട്രീയതാല്പര്യങ്ങൾ ഈ പ്രശ്നം രൂക്ഷതരമാക്കി. ഫ്രഞ്ചുകാരനായ ക്ലെമൻറിനെ ഫ്രാൻസ് സർവ്വസന്നദ്ധതയോടുംകൂടി സ്വീകരിച്ചപ്പോൾ ഇംഗ്ലണ്ട് ഊർബനേയും സ്വാഗതം ചെയ്തു. ഫ്രാൻസിന്റെ സഖ്യരാജ്യങ്ങളായിരുന്ന സ്കോട്ട്ലൻഡ്, സ്പെയിൻ എന്നിവയും അവിഞ്ഞോൺ ഭാഗത്തോടുചേർന്നു. എന്നാൽ ഇററലിയും സ്കാൻറിനേവിയായും പശ്ചിമയൂറോപ്പും സാമ്രാജ്യത്തിന്റെ മുഖ്യഭാഗവും റോമൻഭാഗത്തിനുവേണ്ടിയാണ് നിലകൊണ്ടത്.

ചില വിശുദ്ധരേയും ഈ പക്ഷങ്ങളിൽ ദേശീയതലത്തിൽ കാണുവാൻ സാധിക്കും. സ്പെയിനിൽനിന്നുള്ള വി. വിൻസെൻറ് ഫെററും ഫ്രാൻസിൽനിന്നുള്ള വി. കോളേററും അവിഞ്ഞോൺ പക്ഷത്തെ അനുകൂലിച്ചു. സീയന്നായിലെ വി. കത്രീനാ തുടങ്ങിയവർ റോമൻ പാപ്പായെ അനുകൂലിക്കുന്നവരായിരുന്നു. സന്യാസസഭകൾ അവയിൽതന്നെ വിഭജിക്കപ്പെട്ടിരുന്നു. ഒരു സാധാരണ അൽമായനെയോ പുരോഹിതനെയോ സംബന്ധിച്ചിടത്തോളം തങ്ങൾക്കു വിശ്വസനീയമെന്നു തോന്നിയിരുന്ന ഒരു അധികാരിയുടെ നിശ്ചയം സ്വീകരിക്കുകയും തന്റെ പാപ്പാ സഭയിൽനിന്നു പുറംതള്ളപ്പെട്ടവനും ശീശ്മക്കാരനും ആകാതിരിക്കുവാൻവേണ്ടി പ്രാർത്ഥിക്കുകയും മാത്രമേ കരണീയമായുണ്ടായിരുന്നുള്ളു.'' (മുൻഗ്രന്ഥം, പേജ് 476-77; 479-81).

മാർപ്പാപ്പാമാരുടെ അധാർമ്മിക ജീവിതവും രാഷ്ട്രീയക്കളിയും വളരെയധികം ദൈവമനുഷ്യരെ പ്രകോപിപ്പിച്ചു. 14-ാം നൂററാണ്ടോടുകൂടി സഭാനവീകരണത്തിനായി പാശ്ചാത്യദേശത്തുതന്നെ വളരെയധികം പേർ മുമ്പോട്ടുവന്നു. മാർപ്പാപ്പാമാരുടെയും മെത്രാന്മാരുടെയും പുരോഹിതരുടെയും അധാർമ്മിക ജീവിതത്തെ എതിർത്തവർക്കെതിരെ ഇൻക്വിസിഷൻ എന്ന കിരാതമായ നീതിനിർവ്വഹണം നടത്താനാരംഭിച്ചു. ''സംശയിക്കപ്പെടുന്ന വ്യക്തികൾക്കു തങ്ങളുടെ നില വിശദീകരിക്കാനുള്ള അവകാശംപോലും പലപ്പോഴും ഉണ്ടായിരുന്നില്ല. വളരെയധികം നിരപരാധികൾ നിഷ്ഠുരം വധിക്കപ്പെട്ടു. ഉദാഹരണത്തിനു്, റോബർട്ട് എന്നൊരു ഡൊമിനിക്കൻ സന്യാസി 1239-ൽ ഒരൊററ ദിവസംതന്നെ 180—പാഷാണ്ഡികളെ ദഹിപ്പിക്കുന്നതിനിടയാക്കി. മാനുഷികമായ നീതിപോലും പലർക്കും നിഷേധിക്കപ്പെട്ടിരുന്നു. അതുപോലെ ക്രൂരമായ ശാരീരിക മർദ്ദനങ്ങളും നടന്നിരുന്നു. ഇവയെല്ലാം സഭയുടെ മാനുഷികവശത്തിനുണ്ടായ പരാജയങ്ങൾ എന്നു മാത്രമേ നമുക്കു വ്യാഖ്യാനിക്കാനാവൂ; അതോടൊപ്പം ഇതിൽനിന്നൊരു ഗുണപാഠവും ഗ്രഹിക്കാം.'' (മുൻഗ്രന്ഥം, പേജ് 389).

ഇൻക്വിസിഷൻ എന്ന ക്രൂര നീതിനിർവ്വഹണത്തിന്റെ മറവിൽ മാർപ്പാപ്പാമാർ ധാർമ്മികാധപതനത്തിന്റെ പടവുകൾ ചവുട്ടിക്കയറുകയായിരുന്നു.

ചില മാർപ്പാപ്പാമാരെക്കുറിച്ച് ചരിത്രകാരന്മാർ ഇങ്ങനെ പറയുന്നു: ''Francesco della Rovere, General of Fransciscans, when elected Pope, under took to make the papacy as powerful as the leading Italian States and, with this end in view, he persued a policy of systematic nepotism and of Matrimonial alliuaces'' (An outline history of The Church by Centuries: Joseph Mcsorley, Page 495). ഇദ്ദേഹത്തിന്റെ മരണശേഷം 8-ാം ഇന്നസെൻറ് മാർപ്പാപ്പാ തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിനു് മൂന്നു മക്കളുണ്ടായിരുന്നു. ഒരാൾ ഭാര്യയിൽ ജനിച്ചതും രണ്ടുപേർ വെപ്പാട്ടികളിൽ ജനിച്ചതും. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ച് മുൻസൂചിപ്പിച്ച ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: ''Innocent VIII was elected in a conclave which ranks as one of the most deplorable in the annals of Church History'' (Iibid Page 496).

1492-ൽ ഇന്നസെൻറ് മാർപ്പാപ്പാ മരിച്ചു. തുടർന്നു് മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതു് റോഡ്രിറിഗോ ബോർജിയാ എന്ന കർദ്ദിനാളായിരുന്നു. കാലിസ്റ്റസ് മൂന്നാമൻ മാർപ്പാപ്പാ തന്റെ മരുമകനായ ബോർജിയായെ 26-ാം വയസ്സിലാണ് കർദ്ദിനാളായി ഉയർത്തിയത്. 27-ാം വയസ്സിൽ സഭയുടെ വൈസ് ചാൻസലർ പദവി അദ്ദേഹത്തിനു കിട്ടി. കർദ്ദിനാളന്മാർക്കു വമ്പിച്ച കൈക്കൂലി കൊടുത്താണ് ബോർജിയാ മാർപ്പാപ്പാ ആയത്. കർദ്ദിനാൾ എന്ന നിലയിൽ അദ്ദേഹത്തിനു് വളരെയധികം മിസ്ട്രസ്സുമാരും അവരിൽ ആറോളം പുത്രീപുത്രന്മാരുമുണ്ടായിരുന്നു. പോപ്പിന്റെ ഒരു മിസ്ട്രസ്സായിരുന്ന ഗിലിയാ ഫാർനസ്സിന്റെ സഹോദരൻ അലസ്സാഡ്രോ ഫാർനസ്സിനെ ചെറുപ്പത്തിൽതന്നെ അദ്ദേഹം കർദ്ദിനാളായി ഉയർത്തി. ഇദ്ദേഹം 'പെററിക്കോട്ട്' കർദ്ദിനാൾ എന്നറിയപ്പെടുന്നു. ഇദ്ദേഹമാണ് പിന്നീട് മൂന്നാം ജോൺ പോൾ മാർപ്പാപ്പാ ആയതു്. അലക്സാണ്ടർ മാർപ്പാപ്പാ തന്റെ മകൻ സീസറെ 18-ാം വയസ്സിൽ കർദ്ദിനാളായി ഉയർത്തി. കർദ്ദിനാളായ സീസറെ പിന്നീട് പൗരോഹിത്യത്തിൽനിന്നു് 22-ാം വയസ്സിൽ മാററി ഫ്രാൻസിലെ ഒരു രാജകുമാരിയെ കല്യാണം കഴിപ്പിച്ച് ഫ്രാൻസിന്റെയും ഇററലിയുടെയും അധിപനാക്കി. അലക്സാണ്ടറുടെ പുത്രി ലുസെസിയാ(Lucezia)യെ ജിയോവാനി സ്ഫ്രോസാപ്രഭു (Geovanni Sforza) വാണ് വിവാഹം കഴിച്ചിരുന്നത്. മൂന്നു കൊല്ലത്തിനുശേഷം അലക്സാണ്ടർ മാർപ്പാപ്പാ ഈ വിവാഹം അസാധുവാക്കുകയും മകളെ മറെറാരു പ്രഭുവിനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ചെയ്തു.

1513-ൽ ജിയോവാനി 37-ാം വയസ്സിൽ ജിയോ പത്താമൻ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. ഇററലിയിലെ സമ്പന്നമായ മെഡിസിതറവാട്ടിലെ പൊന്നോമന പുത്രനായിരുന്നു ഇദ്ദേഹം. പ്രതാപവാനായ ഇദ്ദേഹത്തിന്റെ പിതാവ് ലോറൻസോപ്രഭു ജിയോവാനിയെ 7-ാം വയസ്സിൽ പുരോഹിതനാക്കി. 8-ാം വയസ്സിൽ ആബട്ടായി നിയമിച്ചു. ഇന്നസെൻറ് 8-മൻ മാർപ്പാപ്പാ 14-ാമത്തെ വയസ്സിൽ കർദ്ദിനാളാക്കി. 37-ാം വയസ്സിൽ മാർപ്പാപ്പായും.

മാർപ്പാപ്പാമാരുടെ കുത്തഴിഞ്ഞ ജീവിതവും പുരോഹിതരുടെയും മെത്രാന്മാരുടെയും അസാന്മാർഗ്ഗിക ജീവിത വ്യവഹാരത്തിനുമെതിരെ, സ്വരമുയർത്തിയവരെ, ഇൻക്വിസിഷൻ എന്ന ഭീകര നീതിനിർവ്വഹണത്തിൽ നിശ്ശബ്ദരാക്കി പോന്നു. എന്നാൽ അധാർമ്മികതയ്ക്കെതിരെയുള്ള ചെറുത്തുനില്പു് വർദ്ധിച്ചു വന്നു. അതു് യൂറോപ്യൻ ക്രൈസ്തവലോകത്തിൽ ഉരുൾപൊട്ടലായി കലാശിച്ചു. 16-ാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ ക്രൈസ്തവലോകത്തെയും പേപ്പസിയേയും കിടിലം കൊള്ളിച്ചുകൊണ്ട് നവീകരണപ്രസ്ഥാനം വളരുകയും ഇൻക്വിസിഷനെ അതിജീവിച്ച് പേപ്പസിയുടെ അടിത്തറ തകർക്കുകയും ചെയ്തു. കാൽവിനും ലൂതറും ആശയനേതൃത്വം നല്കിയ ഈ പ്രസ്ഥാനം പാശ്ചാത്യ ക്രിസ്ത്യാനികളെ രണ്ടുഭാഗമായി വിഭജിച്ചു. റോമാസഭയെ എതിർത്തവരെ ''പ്രൊട്ടസ്റ്റൻറുകാർ'' എന്നറിയപ്പെടുന്നു. അവർ മാർപ്പാപ്പായുടെ പരമാധികാരത്തെ എതിർത്തു പോരുന്നു.

മാർപ്പാപ്പായുടെ അപ്രമാദിത്വം

IV

കത്തോലിക്കസഭയുടെ അടിസ്ഥാനവിശ്വാസങ്ങളിൽ ഒന്നാണ് മാർപ്പാപ്പായുടെ അപ്രമാദിത്വം അഥവാ തെററുവരാൻ പാടില്ലായ്ക. മാർപ്പാപ്പായുടെ അപ്രമാദിത്വം വളരെയധികം തെററിദ്ധാരണകൾക്ക് വിധേയമായിട്ടുണ്ട്. 1869-70 ൽ 9-ാം പീയൂസ് മാർപ്പാപ്പായുടെ കാലത്ത് വത്തിക്കാനിൽ സമ്മേളിച്ച സൂനഹദോസാണ് മാർപ്പാപ്പായ്ക്ക് അപ്രമാദിത്വം ഉണ്ട് എന്ന് പ്രഖ്യാപിച്ചത്. ''ക്രിസ്തുമതവും ഭാരതവും'' എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ''വളരെയധികം വാദപ്രതിവാദങ്ങൾക്കുശേഷം മാർപ്പാപ്പായുടെ അപ്രമാദിത്വം ഒരു പ്രകാരത്തിൽ അംഗീകാരം നേടി''. (ഹൊർമീസ് പെരുമാലിൽ: ക്രിസ്തുമതവും ഭാരതവും. പേജ് 239).

മാർപ്പാപ്പായുടെ അപ്രമാദിത്വത്തെക്കുറിച്ചുള്ള 1-ാം വത്തിക്കാൻ കൗൺസിൽ രേഖ താഴെ കൊടുക്കുന്നു: "We teach and define that it is a dogma, divinely revealed that the Roman Pontiff, when he speaks Ex Cathedra, that is, when he discharge of the office of pastor and doctor of all Christians, by virtue of his supreme Apostolic authority, he defines a doctrine regarding faith and morals to be held by the universal Church, by the devine assistance promised him in blessing Peter, is possessed of that infallibility with which the divine Redeemer willed that his Church should be endowed for defining doctrines regarding faith and morals, and that therefore such definitions of the Roman Pontiff of themselves-and not by virtue of the consent of Church - are irreformable''........."But if anyone - which may God forbid! - shall persume to contradict this our definition: let him be a anathema''.

ഈ പ്രഖ്യാപനത്തിൽ മൂന്ന് പ്രധാന കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

(1) മാർപ്പാപ്പാ നടത്തുന്ന എല്ലാ പ്രഖ്യാപനങ്ങൾക്കും അപ്രമാദിത്വം ഇല്ല. സഭാതലവൻ എന്ന നിലയിൽ ''എക്സ് കത്തീഡ്രാ'' ആയി അതായത് പത്രോസിന്റെ സിംഹാസനത്തിലിരുന്ന് സഭാതലവൻ എന്ന നിലയിൽ ഔദ്യോഗികമായി നടത്തുന്ന പ്രഖ്യാപനങ്ങൾക്ക് മാത്രമേ അപ്രമാദിത്വം അവകാശപ്പെടാൻ അർഹതയുള്ളൂ.

(2) ഈ പ്രഖ്യാപനങ്ങൾ സഭയ്ക്കു മുഴുവനും ബാധകമായിട്ടുള്ളതായിരിക്കണം. ഏതെങ്കിലും പ്രത്യേക പ്രദേശത്തെയോ ജനങ്ങളെയോ ബാധിക്കുന്ന പ്രശ്നത്തെക്കുറിച്ച് മാർപ്പാപ്പായുടെ പ്രഖ്യാപനങ്ങൾ അപ്രമാദിത്വമുള്ളവയല്ല.

(3) ഈ പ്രഖ്യാപനങ്ങൾ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ചുള്ളവയായിരിക്കണം.

ഒരു മനുഷ്യനെന്ന നിലയിൽ മാർപ്പാപ്പാ അപ്രമാദിത്വം ഉള്ള ആളല്ല. സഭാതലവൻ എന്ന നിലയിൽ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച കാര്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ പരിശുദ്ധാത്മാവ് മാർപ്പാപ്പായ്ക്ക് അപ്രമാദിത്വവരം കൊടുക്കും എന്നാണ് കത്തോലിക്കാ സഭാവിശ്വാസം.

ഈ വിശ്വാസം വളരെയധികം തെററിദ്ധാരണകൾക്ക് ഇട നൽകിയിട്ടുണ്ട്. 1-ാം വത്തിക്കാൻ കൗൺസിലിലെ ഈ പ്രഖ്യാപനം സഭകളുടെ യോജിപ്പിനെതിരെയുള്ള ഏററവും വലിയ വിലങ്ങുതടിയായിട്ടാണ് ഇതരസഭകൾ ഇന്നു കാണുന്നത്.

അപ്രമാദിത്വത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിന്റെ അതിർത്തിവരമ്പുകളെ സംബന്ധിച്ച് കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽത്തന്നെ ഇന്നും തർക്കം നിലവിലുണ്ട്. ചിലർ മാർപ്പാപ്പായ്ക്കല്ല അപ്രമാദിത്വം സഭയ്ക്കാണ് എന്ന് വാദിക്കുന്നുണ്ട്. സഭയുടെ അപ്രമാദിത്വം ആദിമകാലങ്ങളിൽ തന്നെ ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിരുന്നു. ക്രിസ്തുശിരസ്സായ സഭയ്ക്ക് ഒരിക്കലും തെററുവരാൻ പാടില്ലല്ലോ? സഭ ക്രിസ്തുവിന്റെ മൗതികശരീരമാണെങ്കിൽ ക്രിസ്തുവിനെപ്പോലെ തന്നെ അത് ''ഏകവഴിയും സത്യവു''മാകുന്നു. പക്ഷേ, അപ്രമാദിത്വം ഉള്ള സഭ ഏത് എന്ന് നിശ്ചയിക്കപ്പെടേണ്ടിയിരുന്നു. മാനുഷികമായ ബലഹീനതകൾ നിറഞ്ഞ മനുഷ്യരുടെ സഭയാണോ തെററിന് അതീതമായ സഭ? സഭയെ നയിക്കാനും പ്രചോദിപ്പിക്കാനും പരിശുദ്ധാത്മാവ് സഭയോടൊത്തുണ്ട് എന്നു പറയുമ്പോഴും ഏതു സഭ എന്ന ചോദ്യം ന്യായമായും നിലനിൽക്കുന്നു.

ഈ നൂററാണ്ടിലെ അതിപ്രശസ്ത ദൈവശാസ്ത്രപണ്ഡിതനായ കാൾ റാണർ, പാപ്പായുടെ അപ്രമാദിത്വത്തെ കൂടുതൽ വലിയ ഒരു ക്യാൻവാസിൽ വരയ്ക്കാനാണ് ഇഷ്ടപ്പെടുന്നത്. അപ്രമാദിത്വം സഭയ്ക്കാണെന്നും സഭയുടെ പ്രതിനിധി എന്ന നിലയിൽ സംസാരിക്കുമ്പോൾ മാത്രമാണ് മാർപ്പാപ്പായ്ക്ക് അപ്രമാദിത്വം അവകാശപ്പെടാനാവൂ എന്നുവരെ കാൾ റാണർ പറഞ്ഞുവച്ചിട്ടുണ്ട്. "Hence the human subjects so to speak of infallibility is the church as a whole, because the spirit lives and works in the church as a whole'' (Sacramentum Mundi: Vol. 3: Page 134).

വേറൊരു പ്രശസ്ത കത്തോലിക്ക ദൈവശാസ്ത്രജ്ഞനായ ഹാൻസ്കങ് മാർപ്പാപ്പായുടെ അപ്രമാദിത്വ സിദ്ധാന്തത്തെ ശക്തമായി എതിർത്തിട്ടുണ്ട്. മാർപ്പാപ്പാ എന്ന വ്യക്തിയിലല്ല അപ്രമാദിത്വവരം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നും സഭയിലാണ് അപ്രമാദിത്വവരം നിക്ഷിപ്തമായിരിക്കുന്നത് എന്നും ഇദ്ദേഹം വാദിക്കുന്നു. സഭ, ഘടനാപരമായ സവിശേഷതയുള്ള ഒരു സ്ഥാപനമാണ്. ഈ സവിശേഷത ക്രിസ്തുവിന്റെ മൗതികശരീരമായ ഏകസഭയിൽ വിവിധ പ്രാദേശികസഭകളുടെ സംഘാതമായ കൗൺസിലിലാണ് അപ്രമാദിത്വവരം നിക്ഷിപ്തമായിരിക്കുന്നത് എന്ന് കാൾ റാണർ പറഞ്ഞു: "The general council being the assembly of all local churches to represent the unity of the 'hearing and teaching church' posses the gift of infallibility'' (Ibid Page 134).

എന്നാൽ ഈ വാദങ്ങളൊന്നും ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ സാധൂകരണാർഹങ്ങളല്ല. കാരണം, ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനം അനുസരിച്ച് റോമൻ മാർപ്പാപ്പാ

തന്നെയാണ് അപ്രമാദിത്വ വരത്തിന് ഉടമയായിട്ടുള്ളത്. അപ്രമാദിത്വത്തെക്കുറിച്ചുള്ള റോമൻ കത്തോലിക്കസഭയുടെ തീർപ്പിൽ മെത്രാന്മാരുടെ കൗൺസിലിനെക്കുറിച്ച് യാതൊന്നും തന്നെ പറയുന്നില്ല. മാർപ്പാപ്പായ്ക്ക് അപ്രമാദിത്വ വരം ഉണ്ട് എന്ന് കൗൺസിലാണ് തീരുമാനിച്ചതെങ്കിലും ഈ തീരുമാനം മൂലമല്ല മാർപ്പാപ്പായ്ക്ക് അപ്രമാദിത്വവരം ലഭിച്ചത് എന്ന് അക്കാലത്ത് ദൈവശാസ്ത്രജ്ഞന്മാർ വാദിച്ചുപോന്നത്. ഇതിന് ഉദാഹരണമായി മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചുള്ള ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ പ്രഖ്യാപനം (1854) കൗൺസിലിനോട് ആലോചിച്ചിട്ടല്ല മാർപ്പാപ്പാ ചെയ്തത് എന്നു ചൂണ്ടികാണിക്കുന്നു. അതുപോലെതന്നെ ശരീരത്തോടുകൂടി മറിയം സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു എന്ന പ്രഖ്യാപനം 12-ാം പീയൂസ്മാർപ്പാപ്പാ നടത്തിയത് മെത്രാന്മാരുടെ കൗൺസിലിനോട് ആലോചിച്ചിട്ടായിരുന്നില്ല. ഇക്കാരണങ്ങളാൽ കത്തോലിക്കസഭയുടെ പഠനങ്ങളനുസരിച്ച് അപ്രമാദിത്വവരം കൗൺസിലിന്റെ പിന്തുണ ഇല്ലാതെതന്നെ മാർപ്പാപ്പായിൽ നിക്ഷിപ്തമാണ്.

ഒന്നാം വത്തിക്കാൻ കൗൺസിൽ

സഭയുടെ ചരിത്രത്തിൽ ആകെ ഇരുപത്തിയൊന്ന് സൂനഹദോസുകളാണ് വിളിച്ചുകൂട്ടപ്പെട്ടിട്ടുള്ളത്. അതിൽ പത്തൊൻപത് സൂനഹദോസുകളും രാജാക്കന്മാരുടെ രക്ഷാകർത്തൃത്വത്തിലാണ് നടത്തപ്പെട്ടത്. 1545-63 കാലഘട്ടങ്ങളിൽ നടത്തപ്പെട്ട ത്രെന്തോസ് സൂനഹദോസിനുശേഷം (20-ാമത്തെ സൂനഹദോസ്) മുന്നൂറുകൊല്ലം കഴിഞ്ഞാണ് 1-ാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടപ്പെട്ടത്. രാജാക്കന്മാരുടെ ഇടപെടൽ ഇല്ലാതെ ആദ്യമായി വിളിച്ചു കൂട്ടപ്പെട്ട സാർവ്വത്രിക സൂനഹദോസ് ഇതായിരുന്നു. ഈ സൂനഹദോസ് വിളിച്ചു കൂട്ടിയ 9-ാം പീയൂസ് മാർപ്പാപ്പാ വ്യക്തിപരമായി ഏകാധിപത്യവാദി ആയിരുന്നു എന്ന് ആരോപിക്കപ്പെടുന്നുണ്ട്. മാത്രമല്ല, ചെറുപ്പത്തിൽ അപസ്മാരരോഗിയായിരുന്ന ഇദ്ദേഹത്തിന് ആ രോഗത്തിന്റെ പ്രതിഫലനമായി പല മാനസിക അസ്വാസ്ഥ്യങ്ങൾക്കും വിധേയനായിരുന്നു എന്നും ചിലർ വാദിക്കുന്നു. (1-ാം വത്തിക്കാൻ കൗൺസിലിന്റെ നടപടികളെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ഫാ. ഹേസ്‌ലറിന്റെ 'How The Pope Became Infallible' എന്ന ഗ്രന്ഥം വായിക്കുക). ഈ സൂനഹദോസിൽ സംബന്ധിച്ചിരുന്ന യൂറോപ്യന്മാരായ 541 മെത്രാന്മാരിൽ 276 പേരും ഇററലിക്കാരായ മെത്രാന്മാർ ആയിരുന്നു. ഇവരിൽ 62 മെത്രാന്മാർ പേപ്പൽസംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നുതാനും.

1-ാം വത്തിക്കാൻ കൗൺസിൽ ആരംഭിക്കുന്നതിനു മുമ്പുതന്നെ ഈശോസഭ വൈദികരുടെ നേതൃത്വത്തിൽ മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ സംബന്ധിച്ച് വിപുലമായ പ്രചരണം ആരംഭിച്ചു കഴിഞ്ഞിരുന്നു. പേപ്പൽ അപ്രമാദിത്വത്തെ എതിർക്കുന്ന മെത്രാന്മാർ പലപ്പോഴും ഭീഷണിക്ക് വിധേയരായി. പേപ്പൽ അപ്രമാദിത്വത്തെ പലരും ശക്തിയായി എതിർത്തു. ക്രോഷ്യയിലെ (Crotia) ഡയക്കോവായിലെ (Diakavo) പണ്ഡിതനായ മെത്രാൻ സ്ട്രോസ്മെയർ (Strossmayer) സൂനഹദോസിൽ ഇങ്ങനെ ധീരമായി പറഞ്ഞു: ''ഞാൻ അങ്ങേയററം ഗൗരവത്തോടെ പഴയനിയമവും പുതിയ നിയമവും പഠിച്ചു: സത്യത്തിന്റെ നിക്ഷേപമായ ദൈവനിവേശിതഗ്രന്ഥങ്ങളോട്, ഇവിടെ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നമാർപ്പാപ്പാ പത്രോസിന്റെ പിൻഗാമിയും ക്രിസ്തുവിന്റെ വികാരിയും സഭയിലെ തെററുവരാത്ത വേദപണ്ഡിതനുമാണോ എന്ന് എന്നെ അറിയിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അപ്പോസ്തലികകാലത്ത് പത്രോസിന്റെ പിൻഗാമിയും യേശുവിന്റെ വികാരിയുമായി ഒരു മാർപ്പാപ്പാ ഉണ്ടായിരുന്നില്ല

എന്ന് ഞാൻ മനസ്സിലാക്കി. പുതിയനിയമം മുഴുവൻ വായിച്ചതിനുശേഷം, ദൈവസന്നിധിയിൽ, കുരിശിനു മുൻപിൽ കരങ്ങളുയർത്തി ഞാൻ പറയുന്നു: ഇന്നു കാണുന്ന രൂപത്തിലുള്ള ഒരു മാർപ്പാപ്പാസ്ഥാനം അന്നുണ്ടായിരുന്നില്ല എന്ന്.''

മാർപ്പാപ്പായുടെ അപ്രമാദിത്വവരം പ്രഖ്യാപിച്ച 1-ാം വത്തിക്കാൻ കൗൺസിൽ ഒരു സ്വതന്ത്ര കൗൺസിൽ ആയിരുന്നില്ല എന്ന് ഇന്നു പല ചരിത്രപണ്ഡിതന്മാരും വാദിക്കുന്നുണ്ട്. 2-ാം വത്തിക്കാൻ കൗൺസിലിലെ പ്രമുഖ ദൈവശാസ്ത്രപണ്ഡിതനും ചരിത്ര ഗവേഷകനുമായ ഫാ. ഹേസ്‌ലർ സുദീർഘകാലം 1-ാം വത്തിക്കാൻ കൗൺസിലിന്റെ രേഖകൾ പഠിച്ചതിനുശേഷം എഴുതിയ ''How The Pope Became Infallible'' എന്ന ഗ്രന്ഥത്തിൽ കൗൺസിലിന്റെ തീരുമാനത്തെ സ്വാധീനിക്കുന്നതിന് റോമൻ കൂരിയാ നടത്തിയ സമ്മർദ്ദതന്ത്രങ്ങളെ വിശദമായി പ്രതിപാദിക്കുന്നു.

വളരെയധികം ഒരുക്കങ്ങൾക്കു ശേഷമാണ് 9-ാം പീയൂസ് മാർപ്പാപ്പാ 1-ാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടിയത്. 1846-ൽ മാർപ്പാപ്പാസ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹമാണ് ഏററവും കൂടുതൽ കാലം പത്രോസിന്റെ സിംഹാസനത്തിൽ ഇരുന്നിട്ടുള്ളത് (1846—78). 23 വർഷങ്ങൾ മാർപ്പാപ്പാ ആയി ഭരണം നടത്തിയതിനു ശേഷമാണ് 1869-ൽ 1-ാംവത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടിയത്. സഭയിലെ മെത്രാന്മാരെ നിയമിക്കുന്നത് മാർപ്പാപ്പാമാരാണല്ലോ. ഈ കാലഘട്ടത്തിൽ തന്റെ ആജ്ഞാനുസാരികളായ പുരോഹിതന്മാരെ വിവിധ രൂപതകളിൽ മെത്രാന്മാരായി നിയമിക്കുകയുണ്ടായി. മാർപ്പാപ്പായുടെ ഇഷ്ടാനുസരണം മാത്രം പ്രവർത്തിക്കുന്നതിന് മെത്രാന്മാരെ ഒരുക്കുന്നതിനായി റോം അനുവർത്തിച്ച നയങ്ങൾ ഫാ. ഹേസ്‌ലർ വിവരിക്കുന്നു: ''Wherever possible, Pius IX named Ultramontane priests as bishops. In keeping with the old Roman maxim ''divide and conquer'', he forbade the formation of national bishop's conferences. The bishops were to have as little contact as possible with each other, but were instead to cultivate all the more their connection with Rome. For this reason Pius IX introduced the obligation of regular visits to the Holy See. At bottom, the idea was to eliminate the bishops indipendence as much as possible. The bishops had to administer their dioceses in strict sub-ordination to the pope. In carefully gradated fashion, various curial measures were brought into play to attain this end; praise, blame, coercion, condemnation. With their many informants scattered far and wide, the nuncios lent significant help. Again, as far as possible, theology and catechesis were brought into line with a centralized standard. Episcopalist manuals had to be rewritten, or they were put on the Index of Forbidden Books or even burned in the style of an auto-da-fe. The intransigent curial party forced the acceptance of papal infallibility in many catechisms'' (How The Pope Became Infallible August Beruhard Haster;Page 43). റോമിൽ കേന്ദ്രീകരിച്ചുള്ള സഭാഭരണത്തിനുവേണ്ടി വാദിക്കുന്നവരെയാണ് Uttramontane എന്നു വിളിക്കുന്നത്.

മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ പിൻതാങ്ങിയ ''എൽ യൂണിവേഴ്സ്'' (L Universe), ''എൽ കത്തോലിക്ക'' (L Cattolica) എന്നീ പ്രസി

ഢീകരണങ്ങൾ കൗൺസിൽ ആരംഭിക്കുന്നതിനു മുൻപു തന്നെ മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ദീർഘങ്ങളായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. എന്നാൽ മാർപ്പാപ്പായുടെ അപ്രമാദിത്വ സിദ്ധാന്തത്തെ എതിർത്തു കൊണ്ട് മ്യൂണിക്കിലെ സഭാചരിത്ര പ്രൊഫസറായ ഡാള്ളിൻജർ (Johann Joseph Ignaz Von Dollinger)പ്രസിദ്ധീകരിച്ച ''മാർപ്പാപ്പായും കൗൺസിലും'' എന്ന ഗ്രന്ഥം സഭയുടെ ഇൻഡക്സിൽ പെടുത്തി വിശ്വാസികൾ വായിക്കരുത് എന്നു നിരോധിച്ചു. കർദ്ദിനാൾ ന്യൂമാൻെറ നിർദ്ദേശപ്രകാരം ഹൊണോറിയസ് 1-ാമൻ മാർപ്പാപ്പായെക്കുറിച്ച് ദൈവശാസ്ത്രജ്ഞനായ റിനോഫ് (Peter Le Page Renouf) എഴുതിയ''The Condemnation of Pope Honorius'' എന്ന ഗ്രന്ഥം ഇൻഡക്സിൽ പെടുത്തി നിരോധിച്ചു. മാർപ്പാപ്പായുടെ അപ്രമാദിത്വത്തിനെതിരെ സംസാരിച്ചവരും എഴുതിയവരും എല്ലാം കഠിനമായ പീഡനത്തിന് വിധേയരായി. കൗൺസിലിൻെറ വിവിധ കമ്മററികളിൽ നിന്നും അപ്രമാദിത്വത്തെ എതിർത്ത മെത്രാന്മാരെയും കർദ്ദിനാളന്മാരെയും ഒഴിച്ചുനിർത്തി. കൗൺസിലിനു മുൻപ് മാർപ്പാപ്പാ ബെൽജിയം സ്ഥാനപതിയോട് ഇങ്ങനെ പറഞ്ഞു: ''People want to credit me with infallibility. I don't need it at all. Am I not infallible already? Didn't I establish the dogma of the Virgin's Immaculate Conception all by myself several years ago'' (How the Pope Became Infallible: A. B. Hasler, Page 82).

അപ്രമാദിത്വത്തെ എതിർത്തവരെ മാർപ്പാപ്പാ കഠിനമായി അധിക്ഷേപിച്ചു (മുൻഗ്രന്ഥം, പേജ് 83). അപ്രമാദിത്വത്തെ എതിർത്തവരെ തൻെറ കാൽ മുത്തുന്നതിന് നിർബന്ധിച്ചു (മുൻഗ്രന്ഥം, പേജ് 83). അപ്രമാദിത്വത്തെ എതിർത്ത ഹെൻറി മാരെററ് (Henry Maret) എന്ന മെത്രാനെ കാണുന്നതിനുപോലും മാർപ്പാപ്പാ വിസമ്മതിച്ചു. അദ്ദേഹത്തെ ഒരു അണലി പാമ്പായാണ് മാർപ്പാപ്പാ വിവരിച്ചതു് (മുൻഗ്രന്ഥം പേജ് 83). അപ്രമാദിത്വത്തെ എതിർത്തു സംസാരിച്ച കൽദായ പാത്രിയർക്കീസ് ജോസഫ് ഔദോയെ വത്തിക്കാനിലേയ്ക്കു വിളിച്ചു. 78 വയസ്സുള്ള പാത്രിയർക്കീസ് മുറിയിൽ പ്രവേശിച്ചപ്പോൾ വാതിലടച്ച് ശക്തമായി ശാസിച്ചു. അപ്രമാദിത്വ രേഖയിൽ ഒപ്പു വയ്ക്കുന്നില്ലെങ്കിൽ മുറിവിട്ടു പോകാൻ അനുവദിക്കുകയില്ലെന്നു ഭീഷണിപ്പെടുത്തി. പിന്നീടദ്ദേഹത്തെ പാത്രിയർക്കാസ്ഥാനത്തുനിന്നും നീക്കുകയും ചെയ്തു. ഗ്രീക്ക് മെൽക്കേററ് പാത്രിയർക്കീസായ ഗ്രെഗർ യൂസഫ് കൗൺസിലിൽ അപ്രമാദിത്വത്തെ എതിർക്കുകയുണ്ടായി. കുപിതനായ മാർപ്പാപ്പാ അദ്ദേഹത്തെ വത്തിക്കാനിലേയ്ക്കു ക്ഷണിച്ചു. പാരമ്പര്യ മര്യാദ അനുസരിച്ച് പാത്രിയർക്കീസ്, മാർപ്പാപ്പായുടെ കാലു ചുംബിച്ചപ്പോൾ കാലെടുത്തു് പാത്രിയർക്കീസിൻെറ തലയിൽ വച്ച് ചവിട്ടി (മുൻഗ്രന്ഥം, പേജ് 86).

ഇങ്ങനെയെല്ലാമാണ് മാർപ്പാപ്പായുടെ അപ്രമാദിത്വത്തിന് കൗൺസിലിനെക്കൊണ്ട് അംഗീകാരം വാങ്ങിച്ചതു് എന്നാണ് ഫാ. ഹേസ്ലർ 1-ാം വത്തിക്കാൻ കൗൺസിലിൻെറ ചരിത്രത്തെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ പറയുന്നതു്. ആധുനിക കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാർ എന്തുതന്നെ പറഞ്ഞാലും എന്തു വ്യാഖ്യാനങ്ങൾ നല്കിയാലും മാർപ്പാപ്പായുടെ അപ്രമാദിത്വം ഇന്ന് കത്തോലിക്ക സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നായിത്തീർന്നിരിക്കുന്നു.

അപ്രമാദിത്വം എപ്പോൾ ?

1-ാം വത്തിക്കാൻ കൗൺസിലിൻെറ തീർപ്പനുസരിച്ച് മാർപ്പാപ്പാ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും കുറിച്ച് ഔദ്യോഗികമായി (Ex Cathedra)

പ്രഖ്യാപിക്കുമ്പോൾ മാത്രമേ, മാർപ്പാപ്പായുടെ പ്രഖ്യാപനം അപ്രമാദിത്വമുള്ളതായിത്തീരു എന്ന് നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതെല്ലാം പ്രഖ്യാപനങ്ങളാണ് ഔദ്യോഗിക പ്രഖ്യാപനങ്ങൾ എന്ന് നിർവ്വചിച്ചിട്ടില്ല. ഏതെല്ലാം സാഹചര്യങ്ങളാണ് ഒരു പ്രഖ്യാപനത്തെ അപ്രമാദിത്വവരമുള്ളതാക്കി തീർക്കുന്നതു് എന്നും നിർവ്വചിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മാർപ്പാപ്പായുടെ ഏതെങ്കിലും ഒരു പ്രഖ്യാപനം ഔദ്യോഗിക പ്രഖ്യാപനം ആണോ എന്ന് കണ്ടുപിടിക്കാൻ സാധാരണ വിശ്വാസിക്ക് കഴിയുകയില്ല. മാർപ്പാപ്പാ ഇടക്കിടയ്ക്ക് പ്രസിദ്ധീകരിക്കുന്ന ചാക്രിക ലേഖനങ്ങളും, മാർപ്പാപ്പായുടെ അപ്രമാദിത്വത്തിൻെറ പരിധിയിൽ വരികയില്ല എന്ന് പ്രസിദ്ധ ദൈവശാസ്ത്രജ്ഞന്മാർ ഇതിനോടകം അഭിപ്രായപ്പെട്ടിട്ടുണ്ട്. കുടുംബാസൂത്രണം സംബന്ധിച്ച് 6-ാം പോൾ മാർപ്പാപ്പായുടെ ഹ്യൂമാനേ വിറേറ (Humane Vitae) എന്ന ചാക്രിക ലേഖനം സഭയിൽ ശക്തമായ എതിർപ്പുകൾ വിളിച്ചു വരുത്തുകയുണ്ടായി. അതിപ്രശസ്തരായ ദൈവശാസ്ത്രജ്ഞന്മാർ ആഗോളതലത്തിൽതന്നെ ഈ ചാക്രിക ലേഖനത്തെ എതിർക്കുകയുണ്ടായി.

ഈ പ്രഖ്യാപനത്തിന് അപ്രമാദിത്വം ആരോപിച്ചവരോട് കേരളത്തിലെ പ്രമുഖ ദൈവശാസ്ത്രപണ്ഡിതനായ ശ്രീ പി. ററി. ചാക്കോ ഇങ്ങനെ പ്രതികരിച്ചു: ''The technique of resorting to the Holy Ghost to justify all the exercises of papal authority can no more be convincing or effective. It is difficult to believe that the Holy Ghost is there at one's beck and call whenever one wants to justify the arbitrary exercise of one's authority. The Holy Ghost is not the monopoly of the Pope. It is claimed that the doctrine contained in 'Humanae Vitae' is authentic, though not infallible. But so many of the authentic doctrines of the Church in past ages have had to be reformulated or changed in the context of changed conditions and circumstances'' (Church in Kerala Seminar Digest 1969: Page 221) അപ്പോൾ ചാക്രിക ലേഖനങ്ങൾക്ക് അപ്രമാദിത്വം ഇല്ല എന്നാണ് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതെങ്കിൽ പിന്നെ ഏതു സാഹചര്യത്തിലാണ് മാർപ്പാപ്പായുടെ പ്രഖ്യാപനങ്ങൾ അപ്രമാദിത്വ പരിവേഷിതമാകുന്നതു് എന്ന് സഭ പുനർനിർവ്വചിക്കേണ്ടിയിരിക്കുന്നു.

അപ്രമാദിത്വത്തിനെതിരെയുള്ള വാദം

അപ്രമാദിത്വവരം മാർപ്പാപ്പാ എന്ന വ്യക്തിയിൽ നിക്ഷിപ്തമാണ് എന്നു വാദിക്കുമ്പോൾ വളരെയധികം വാദതടസ്സങ്ങൾ ഇതിനെതിരെ ഉയർത്തപ്പെടുന്നുണ്ട്. 1415-ൽ കൂടിയ കോൺസ്റ്റൻസ് സൂനഹദോസ് അന്ന് അധികാരത്തിനു വേണ്ടി മല്ലടിച്ചുനിന്ന മൂന്നു മാർപ്പാപ്പാമാരെ ഒററയടിക്കു സ്ഥാനഭ്രഷ്ടരാക്കി മാർട്ടിൻ 5-ാമനെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു നിയമിക്കുകയുണ്ടായി. മാത്രമല്ല, ഈ കൗൺസിൽ 5 വർഷത്തിൽ ഒരിക്കൽ പൊതുസൂനഹദോസ് കൂടണമെന്ന് തീരുമാനിക്കുകയും ചെയ്തു. കോൺസ്റ്റൻസ് കൗൺസിൽ സ്ഥാനഭ്രഷ്ടരാക്കിയ മാർപ്പാപ്പാമാരിൽ ആർക്കായിരുന്നു അപ്രമാദിത്വവരം ഉണ്ടായിരുന്നതു് എന്ന ചോദ്യം ന്യായമായും ഉദിക്കാം.

625 മുതൽ 38 വരെ മാർപ്പാപ്പാ ആയിരുന്ന ഹൊണോറിയസിനെ പാഷണ്ഡത ആരോപിച്ച് മൂന്നാം കോൺസ്റ്റാൻറിനോപ്പിൾ കൗൺസിൽ ശപി

ക്കുകയുണ്ടായി. ക്രിസ്തുവിന്റെ ഏകസ്വഭാവവാദം തെറ്റായി ഇദ്ദേഹം അംഗീകരിച്ചിരുന്നു. അങ്ങനെയെങ്കിൽ മാർപ്പാപ്പാമാർക്ക് അപ്രമാദിത്വവരം ഉണ്ട് എന്ന വാദം എങ്ങനെ അംഗീകരിക്കാനാവും? മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യുന്നവർ ഉന്നയിക്കുന്ന മറ്റൊരു ചോദ്യം ഇതാണ്: 17-ാം നൂറ്റാണ്ടിൽ ഗലീലിയോയെ ശപിച്ച പോൾ 5-ാമനും (1605-1621) ഊർബൻ 8-ാമനും (1623-1644) അപ്രമാദിത്വവരം ഉണ്ടായിരുന്നോ? ഭൂമി സൂര്യനെ ചുറ്റുന്നു എന്ന അടിസ്ഥാനതത്വം ആവിഷ്കരിച്ച ഗലീലിയോയെ സഭയുടെ വിശ്വാസസത്യങ്ങൾക്കെതിരായി പഠിപ്പിക്കുന്നു എന്നാരോപിച്ച് ശിക്ഷ വിധിച്ച ഈ മാർപ്പാപ്പാമാർ ചരിത്രദൃഷ്ടിയിൽ ഇന്നു തെറ്റുകാരാണല്ലോ? തെറ്റാവരമുള്ള മാർപ്പാപ്പായ്ക്ക് ഇക്കാര്യത്തിൽ എങ്ങനെ തെറ്റുപറ്റി?

മദ്ധ്യകാലയുഗങ്ങളിൽ സഭയെ ഭരിച്ചിരുന്ന വളരെയധികം മാർപ്പാപ്പാമാർ അഴിമതിക്കാരും കൊള്ളരുതാത്തവരും വിഷയലമ്പടന്മാരും ആയിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. പാപത്തിൽ ഊളിയിട്ടു കഴിഞ്ഞിരുന്ന ഈ മാർപ്പാപ്പാമാരിൽ തെറ്റാവരം ഉണ്ടായിരുന്നു എന്ന് എങ്ങനെയാണ് വിശ്വസിക്കുക?

മാർപ്പാപ്പായുടെ തെറ്റാവരത്തെ കത്തോലിക്കേതരസഭകൾ ശക്തമായി വിമർശിക്കുമ്പോൾ കത്തോലിക്ക സഭയ്ക്കുള്ളിലും ദൈവശാസ്ത്രജ്ഞന്മാരുടെ എതിർപ്പ് ഇന്നും അവസാനിച്ചു കഴിഞ്ഞിട്ടില്ല.

ശ്രീ പുലിക്കുന്നേലിന്റെ ഗ്രന്ഥങ്ങൾ

1. സിംഹാസനപ്പോരു് – വില 6 രൂപാ
2. എന്റെ കുരിശുമെടുത്തു് നിന്റെ പിന്നാലെ
   (നോവൽ – വിതരണം N. B. S.) – വില 8 രൂപാ
3. കേരള ക്രൈസ്തവചരിത്രം- ചില വിയോജനക്കുറിപ്പുകൾ
   – വില 7 രൂപാ
4. വിമോചനദൈവശാസ്ത്രം ആദ്യപടി
   (ലഘുലേഖ) വില 1 രൂപാ, പോസ്റ്റേജ് ഉൾപ്പെടെ
5. എപ്പിസ്ക്കോപ്പോസ് – വില 1 രൂപാ
6. ക്രിസ്തുവിന്റെ സമഗ്രവിമോചനം
   – വില 50 പൈസ
7. ഡോ. ജോസഫ് കരിയാററി – വില 1 രൂപാ
8. സ്നേഹസമർപ്പണം – വില 7 രൂപാ
9. പ്രൈവററു് കോളജദ്ധ്യാപകന്റെ സ്മരണകൾ
   – വില 10 രൂപാ

ശ്രീ ജോസഫ് പുലിക്കുന്നേലിന്റെ ആത്മകഥാപ്രധാനമായ ഈ ഗ്രന്ഥം കറന്റ് ബുക്കിന്റെ എല്ലാ ശാഖകളിലും ലഭിക്കുന്നതാണു്.

10. മാർട്ടിൻ ലൂഥർ – വില 1 രൂപാ

സീയാറെം പ്രിന്റേഴ്സ് പാലാ